E-B

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂൺ 24, ചൊവ്വ

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 1986 ജൂൺ 24–ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു).

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

പ്രീ-ഡിഗ്രി ബോർഡ് രൂപീകരണം

* 28 [26] ശ്രീ. വി.ജെ. തങ്കപ്പൻ:
,, പന്തളം സുധാകരൻ:
,, ലോനപ്പൻ നമ്പാടൻ:
,, കെ.പി. പ്രഭാകരൻ:
,, വി.വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണു തീരുമാനിച്ചത്;

(ബി) അതിന്റെ ഘടന, പ്രവർത്തനരീതി ഇവ വ്യക്തമാക്കുമോ;

(സി) ഈ ആവശ്യത്തിനായി ഗവൺമെന്റ് ഏതെങ്കിലും കമ്മീഷനേയോ, കമ്മിറ്റിയേയോ, സ്പെഷ്യൽ ഓഫീസറേയോ നിയമിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങളും വ്യക്തമാക്കുമോ;

(എഫ്) ഇതു സംബന്ധിച്ച് പ്രശ്നങ്ങളും പഠിക്കുവാൻ രൂപീകരിച്ച വൈസ് ചാൻസലർ കമ്മിറ്റി റിപ്പോർട്ട് മാറ്റങ്ങളും കൂടാതെ ഗവൺമെൻറ് അംഗീകരിക്കുമോ;

(ജി) എങ്കിൽ കമ്മിറ്റി റിപ്പോർട്ട് കിട്ടി നടപടികളും എടുക്കുന്നതുവരെ ബോർഡ് രൂപീകരണ നടപടികളും നിർത്തിവയ്ക്കുമോ;

(എച്ച്) പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കുന്നതിനായി എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട്;

(ഐ) പ്രീ-ഡിഗ്രി ബോർഡ് രൂപീകരണം വഴി വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പരിഷ്ക്കാരംമൂലം ഗവൺമെൻറിന് ഒരു വർഷമുണ്ടാകുന്ന അധിക ചെലവ് എത്ര;

(ജെ) ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങളിൽ പ്രീഡിഗ്രി ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) ഉണ്ട്. 15-5-1986-ൽ.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിരുന്നു.

(ഡി) സ്പെഷ്യലാഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഇ) റിപ്പോർട്ട് സർവ്വകലാശാലാ വൈസ്ചാൻസലർമാരുടെ കമ്മിറ്റി പരിശോധിച്ചുവരുകയാണ്.

(എഫ്) റിപ്പോർട്ട് ലഭിച്ചതിനു ശേഷമേ അതിൻമേൽ തീരുമാനമെടുക്കുവാൻ നിർവ്വാഹമുള്ളൂ.

(ജി) മേൽ നടപടികളും എല്ലാം വൈസ് ചാൻസലറുടെ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചതിനുശേഷമേ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(എച്ച്) നയപരമായ തീരുമാനം മാത്രമേ എടുത്തിട്ടുള്ളൂ.

(ഐ) പ്രീ-ഡിഗ്രി ബോർഡ് രൂപീകരണത്തിൻെറ വിശദാംശങ്ങളും പരിശോധിച്ചു വരുന്നതേയുള്ളൂ.

(ജെ) കേരളം ഒഴികെ മറ്റു സംസ്ഥാനങ്ങളിൽ "പ്ലസ്2" കോഴ്സ് ഒരു പ്രത്യേക സംവിധാനത്തിൻകീഴിലാണ്.

ശ്രീ. വി.ജെ. തങ്കപ്പൻ: പ്രീ-ഡിഗ്രി വിദ്യാഭ്യാസം ഇപ്പോൾ യൂണിവേഴ്സിറ്റിയുടെ കീഴിലാണ്. പ്രീ-ഡിഗ്രി ബോർഡിൻെറ നയപരമായ രൂപീകരണത്തിൽ പറയുന്നത് പ്രീ-ഡിഗ്രി വിദ്യാഭ്യാസം ഒരു സെപ്പറേറ്റ് ബോർഡിൻെറ കീഴിലാക്കുമെന്നാണ്. യൂണിവേഴ്സിറ്റി തലത്തിൽ ആയതുകൊണ്ട് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻെറ സഹായം ലഭിക്കുന്നുണ്ട്. പ്രത്യേക ബോർഡിൻെറ കീഴിലാക്കിയാൽ കമ്മീഷൻെറ സഹായം ലഭിക്കാനിടയില്ല. അങ്ങനെയാണെങ്കിൽ പുതുതായി രൂപീകരിക്കാൻ പോകുന്ന പ്രീ-ഡിഗ്രി ബോർഡിന് മറേറതെങ്കിലും സ്ഥാപനത്തിൽനിന്ന് സാമ്പത്തിക സഹായം കിട്ടാൻ സാദ്ധ്യതയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിന്റെ ആദ്യഭാഗം ശരിയല്ല. ഇന്ന് കേരളത്തിലെ കോളേജുകളിൽ നടന്നു വരുന്ന പ്രീ-ഡിഗ്രി കോഴ്സിനു യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ യാതൊരു വിധത്തിലുള്ള സഹായങ്ങളും നൽകുന്നില്ല. കോളേജുകൾക്കും യൂണിവേഴ്സിറ്റികൾക്കും നൽകുന്ന ഗ്രാന്റ് ഡിഗ്രി കോഴ്സുകൾക്കും പി.ജി. കോഴ്സുകൾക്കും അതുപോലെ തന്നെ ഗവേഷണത്തിനും വേണ്ടിയുള്ളതാണ്. കോളേജുകളിൽ ലഭ്യമാകുന്ന യു.ജി.സി. ഗ്രാന്റ് പ്രീ-ഡിഗ്രി ക്ലാസ്സുകൾക്കു കൂടി ഉപയോഗപ്പെടുത്തുന്നു എന്നു മാത്രമേ ഉള്ളൂ. സ്വാഭാവികമായും പ്രീ–ഡിഗ്രി കോഴ്സ് എന്നു പറയുന്ന വിദ്യാഭ്യാസ സമ്പ്രദായം യൂണിവേഴ്സിറ്റികളിൽ നിന്നു മാറി മറെറാരു അതോറിറ്റിയുടെ കീഴിൽ വരുമ്പോൾ ഇതിന് സാങ്കേതികമായിട്ടുള്ള, അക്കാഡമിക്കായിട്ടുള്ള ഉപദേശങ്ങൾ നൽകുവാൻ എൻ.സി.ഇ.ആർ.ടി. ബാദ്ധ്യസ്ഥമാണ്. അവർ ആ കാര്യം ഗവൺമെന്റിനെ അറിയിച്ചിട്ടുമുണ്ട്.

ശ്രീ. വി.ജെ. തങ്കപ്പൻ: പ്രീ–ഡിഗ്രി ബോർഡ് രൂപീകരിക്കുന്നതിനെ സംബന്ധിച്ചുള്ള പത്ര വാർത്തയും ഇന്നത്തെ ഇവിടത്തെ പ്രസ്താവനയും പരിശോധിക്കുമ്പോൾ വ്യത്യാസമുള്ളതായി കാണാം. പ്രീ–ഡിഗ്രി ക്ലാസ്സുകൾ കോളേജുകളിൽ നിന്നും മാറുന്നില്ല എന്നുള്ള പ്രസ്താവന കണ്ടു. അങ്ങനെയാണെങ്കിൽ പ്രീ–ഡിഗ്രി ക്ലാസ്സുകൾ ഒരു കാരണവശാലും സെക്കൻറി സ്കൂൾ തലത്തിലേയ്ക്ക് മാറുകയില്ലെന്ന് മന്ത്രി ഈ സഭയ്ക്ക് ഉറപ്പു നൽകുമോ?

ശ്രീ. ടി.എം. ജേക്കബ്: ഇപ്പോൾ ഗവൺമെൻറ് എടുത്തിരിക്കുന്ന തീരുമാനം യൂണിവേഴ്സിറ്റികളിൽ നിലനിൽക്കുന്ന പ്രീ–ഡിഗ്രി വിദ്യാഭ്യാസം യൂണിവേഴ്സിറ്റികളിൽ നിന്ന് ഡീലിങ്ക് ചെയ്ത് പ്രത്യേക സംവിധാനത്തിൻകീഴിൽ കൊണ്ടുവരാനും അത് ഇപ്പോൾ നടന്നു വരുന്ന കോളേജുകളിൽ നിലനിറുത്താനുമാണ്. ഇൻഡ്യയിലെ പല സ്റേറററുകളിലും ആരംഭ കാലഘട്ടത്തിൽ തന്നെ ഇങ്ങനെയൊരു സംവിധാനം സ്വീകരിച്ചിട്ടുണ്ട്. ഈ ഗവൺമെൻറ് കോളേജുകളിൽ നിന്നും പ്രീ–ഡിഗ്രി കോഴ്സ് മാറുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വേണ്ടാത്ത ഈ ബോർഡ്കൊണ്ട് എന്തെല്ലാം നേട്ടങ്ങളാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: ഇത് അദ്ധ്യാപകരും, വിദ്യാർത്ഥികളും രക്ഷിതാക്കളും വേണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. പിന്നെ ചില വിഭാഗക്കാരൊക്കെ വേണ്ടെന്നും പറഞ്ഞുകാണും. ഇത് വേണമെന്നു പറഞ്ഞ നല്ല ഒരു വിഭാഗം ജനങ്ങൾ കേരളത്തിലുണ്ട്. അക്കാഡമിക്കായിട്ട് ഏറെറവും നല്ല കോൺസപ്റാണെന്നുള്ളത് ദേശീയ തലത്തിലംഗീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുമുണ്ട്. ''പ്ലസ് 2'' കോഴ്സ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡീലിങ്ക് ചെയ്താൽ ഉണ്ടാകാവുന്ന പ്രധാനപ്പെട്ട പ്രയോജനങ്ങൾ താഴെ പറയുന്നവയാണ്. ഇത് പ്രത്യേക സംവിധാനത്തിൻറെ കീഴിൽ കൊണ്ടുവരാനും ക്ലാസ് റൂം ടീച്ചിംഗ് മെത്തേഡ് അഡോപ്റ് ചെയ്യാനും സാധിക്കും. സ്കൂളുകളിലുള്ള അഡ്മിഷൻ 5 പ്ലസ് എന്നുള്ളത് നിലനിൽക്കുന്ന ചുരുക്കം ചില സ്റേറററുകൾ മാത്രമേ ഇൻഡ്യയിലുള്ളൂ. മറു പല സ്റേറററുകളിലും അത് 6 പ്ലസ്സാണ്. കേരളം ഉൾപ്പെടെയുള്ള ചുരുക്കം ചില സ്റേറററുകളിലെ സ്കൂളുകളിൽ അഞ്ചു വയസ്സ് പൂർത്തിയാകുമ്പോൾ കുട്ടികളെ സ്കൂളുകളിൽ ചേർക്കുന്നുണ്ട്. ആ

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾ സെക്കൻററി വിദ്യാഭ്യാസം പൂർത്തിയാക്കുമ്പോൾ അവരുടെ വയസ്സ് സ്വാഭാവികമായും 15 ആയിരിക്കും. അടുത്ത രണ്ടു വർഷത്തെ കോഴ്സ് ക്ലാസ്റൂം ടീച്ചിംഗ് മെത്തേഡിലേക്ക് കൊണ്ടുവരണമെന്നുള്ളതാണ് എൻ.സി.ഇ.ആർ.ടി. അടക്കമുള്ള ദേശീയ സമിതികൾ ശുപാർശ ചെയ്തിട്ടുള്ളത്. കോത്താരി കമ്മീഷൻ മുതൽ ഇങ്ങോട്ടുള്ള കമ്മീഷനുകൾ മുഴുവനും ശുപാർശ ചെയ്യുന്നതും അങ്ങനെയാണ്. ഇവരെ ചില ഗ്രൂപ്പുകളാക്കി പഠിപ്പിക്കാൻ സാധിക്കുകയും ചെയ്യും. കോമൺ കരിക്കുലവും സിലബസ്സും കൊണ്ടുവന്ന് പ്ലസ് 2 കോഴ്സിന്റെ സംവിധാനങ്ങൾ മെച്ചപ്പെട്ട നിലയിൽ നടത്താൻ കഴിയുകയും ചെയ്യും.

ശ്രീ. ലോനപ്പൻ നമ്പാടൻ: കെ.എസ്.സി. എന്ന സംഘടനയൊഴികെ മന്ത്രി രമേശ് ചെന്നിത്തലയുടെ കെ.എസ്.യു. (ഐ) ഉൾപ്പെടെയുള്ള എല്ലാ വിദ്യാർത്ഥി സംഘടനകളും ഈ ബോർഡിനെതിരാണെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് അറിയാമോ?

ശ്രീ. ടി.എം. ജേക്കബ്: അത് ശരിയല്ല. ഞാൻ ഇതിന് ഒരു അൺസ്റ്റാർഡ് ക്വസ്റ്റ്യനു് ഇവിടെ ആൻസർ ചെയ്തിട്ടുണ്ട്. എം.പി. മേനോൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്ന് കേരളത്തിലെ സകല വിദ്യാർത്ഥി സംഘടനകളും രേഖാമൂലം ഗവൺമെൻറിനോടാവശ്യപ്പെട്ടിട്ടുണ്ട്. എം.പി. മേനോൻ കമ്മീഷന്റെ പ്രധാനപ്പെട്ട ശുപാർശ ഇതു തന്നെയായിരുന്നു. അതിൽ പറഞ്ഞിരിക്കുന്നത് പ്രീ-ഡിഗ്രി കോഴ്സ് യൂണിവേഴ്സിറ്റിയിൽ നിന്നുമാറ്റി ഒരു പ്രത്യേക സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരണമെന്നാണ്. വിദ്യാർത്ഥി സംഘടനകൾ സമർപ്പിച്ച അവകാശ പത്രികയിൽ കേരളത്തിലെ പല വിദ്യാർത്ഥി സംഘടനകളും പ്രീ-ഡിഗ്രി കോഴ്സിന് പ്രത്യേക സംവിധാനം രൂപീകരിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ.പി. പ്രഭാകരൻ: പ്രീ-ഡിഗ്രി ബോർഡ് രൂപീകരണം അടുത്ത വർഷത്തിൽ മാത്രമേ നടപ്പാക്കൂ എന്ന് വളരെ അസന്നിഗ്ദ്ധമായി വിദ്യാഭ്യാസമന്ത്രി പ്രഖ്യാപിച്ചതായി പത്രങ്ങളിൽ വന്നു. അതേ ദിവസം തന്നെ ഡൽഹിയിൽ മുഖ്യമന്ത്രി ഈ വർഷം പ്രീ-ഡിഗ്രി പരീക്ഷകൾ ബോർഡിന്റെ കീഴിൽ ആയിരിക്കും നടത്തുക എന്നും പറഞ്ഞു. ഇതിൽ ഏതാണ് ശരി? ഈ വർഷം പ്രീ-ഡിഗ്രി ബോർഡിന്റെ കീഴിൽ അതിന്റെ പരീക്ഷ നടത്തുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. ടി.എം. ജേക്കബ്: നയപരമായ ഒരു തീരുമാനം എടുത്തതിനു ശേഷം കേരളത്തിലെ മൂന്നു വൈസ്ചാൻസലർമാർ അടങ്ങുന്ന ഒരു സമിതിക്ക് ഇതിന്റെ വിശദാംശങ്ങൾ തയ്യാറാക്കുവാൻ വേണ്ടി വിട്ടിരിക്കുകയാണ്. ആ സമിതിയ്ക്ക് മൂന്നു മാസക്കാലത്തെ സമയം അനുവദിച്ചിട്ടുണ്ട്. മൂന്നു മാസക്കാലത്തിനുള്ളിൽ ഈ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. മുഖ്യമന്ത്രിയും ഞാനും നടത്തിയ സ്റ്റേറ്റ്മെൻറുകളിൽ യാതൊരു കോൺട്രാഡിക്ഷനും ഉണ്ടായിട്ടില്ല. പ്രീ-ഡിഗ്രി ബോർഡിന്റെ രൂപീകരണം ഈ വർഷം നടപ്പിലാക്കാൻ കഴിയുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഞാൻ പറഞ്ഞ വാർത്തയും പത്രങ്ങളിൽ വന്നിട്ടുണ്ട്. പ്രീ-ഡിഗ്രി ബോർഡിന്റെ പ്രവർത്തനം അടുത്ത അദ്ധ്യയന വർഷത്തിലേ അതിന്റെ യഥാർത്ഥ രൂപത്തിൽ പ്രവർത്തിക്കാൻ കഴിയൂ എന്നാണ് ഞാൻ പറഞ്ഞത്. ഒരു പക്ഷേ ശ്രമിച്ചാൽ ഈ വർഷാവസാനത്തിൽ പരീക്ഷകൾ പ്രീ-ഡിഗ്രി ബോർഡിൻ കീഴിൽ നടത്താം എന്നുള്ളതു മാത്രമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. പ്രഭാകരൻ: ബഹുമാനപ്പെട്ട മന്ത്രി വളരെയേറെ ഉയർത്തിപ്പിടിച്ചിരിക്കുന്ന കോത്താരി കമ്മീഷന്റെ റിപ്പോർട്ട് 1966–ൽ വന്നതാണ്. 'പ്ലസ് 2' വിദ്യാഭ്യാസം വേർപെടുത്തണമെന്നുള്ള നിർദ്ദേശം 1964–ൽ തന്നെ ഉണ്ടായി. അന്നു മുതൽ പ്ലസ് 2 വിദ്യാഭ്യാസം പ്രത്യേകമായിട്ട് ആരംഭിച്ചു. അത് ജൂനിയർ കോളേജുകളിലായിരുന്നു. കോത്താരി കമ്മീഷൻ റിപ്പോർട്ട് വന്ന് 20 വർഷമായിട്ടും പ്ലസ് 2 വിദ്യാഭ്യാസം കേരളത്തിൽ അതേ രീതിയിൽ തുടർന്നത് ചില പ്രത്യേക സാഹചര്യത്തിലാണ്. അത് പെട്ടെന്ന് എടുത്തു മാറ്റാനുള്ള പ്രചോദനം എന്താണ്? കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വിദ്യാഭ്യാസ നയ രൂപരേഖ പാർലമെന്റ് അംഗീകരിച്ചതിൽ പ്രീ–ഡിഗ്രി ബോർഡ് രൂപീകരണ തീരുമാനം വേണമെന്നു പറഞ്ഞിട്ടുണ്ടോ? അതൊന്നു വ്യക്തമാക്കാമോ?

ശ്രീ. ടി.എം. ജേക്കബ്ബ്: ബഹുമാനപ്പെട്ട മെമ്പർ അതിന്റെ രൂപം മനസ്സിലാക്കാതെയാണ് പറയുന്നത്. 1964–ൽ പത്താം ക്ലാസ്സിനു ശേഷമുള്ള രണ്ടുവർഷക്കാലം പഠിക്കുന്നതിനുവേണ്ടി ജൂനിയർ കോളേജസ് കേരളത്തിൽ ആരംഭിച്ചു. അന്ന് കേരളത്തിൽ ഒരു യൂണിവേഴ്സിറ്റി മാത്രമേയുള്ളൂ. അന്ന് ഇതിന് നേതൃത്വം കൊടുത്ത പ്രൊഫസർ എസ്. സാമുവൽ മത്തായി തന്നെ പറഞ്ഞത് അന്ന് ആരംഭിച്ച മൂന്നു ജൂനിയർ കോളേജുകളും ജൂനിയർ കോളേജുകളായി തന്നെ നിലനിൽക്കട്ടെ എന്നാണ്. പ്ലസ് 2 കോഴ്സിനെ പ്രത്യേകമായ ഒരു സംവിധാനത്തിൻ കീഴിലേയ്ക്ക് കൊണ്ടു പോവുക എന്നുള്ള ലക്ഷ്യത്തെ മുൻനിറുത്തിയാണ് അത് ചെയ്തത്. 10+2+3 പാറേൺ 64 മുതൽ കേരളത്തിൽ അഡോപ്റ്റ് ചെയ്തു വരുന്നുണ്ട്. ഒരർത്ഥത്തിൽ അതു ശരിയാണ്. കോത്താരി കമ്മീഷനും, അതുപോലെയുള്ള മറ്റു കമ്മീഷനുകളും പറഞ്ഞിരിക്കുന്നത് പ്ലസ് 2 എന്നു പറയുന്നത് യൂണിവേഴ്സിറ്റിയുടെ ഭാഗമല്ലെന്നുതന്നെയാണ്. ഇത് ഒരു പ്രത്യേക സംവിധാനത്തിൻ കീഴിൽ കൊണ്ടുവരണമെന്നാണ് കോത്താരി കമ്മീഷൻ റിപ്പോർട്ടും അതിനു ശേഷമുള്ള റിപ്പോർട്ടുകളും ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചു, ഇത് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമാണോയെന്ന്. ഇത് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗം തന്നെയാണ്. അതിന് ആധാരമായിട്ടുള്ള ആധികാരികമായ രേഖ ഞാൻ വായിക്കാം. നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആൻറ് ട്രെയിനിംഗാണ് നാഷണൽ പോളിസി ഡ്രാഫ്റ്റിംഗിൽ ഏറ്റവും മുഖ്യ പങ്കു വഹിച്ചിരിക്കുന്നത്. നാഷണൽ പോളിസി കഴിഞ്ഞ പാർലമെൻറ് സമ്മേളനത്തിൽ അംഗീകരിച്ചതിനുശേഷം സംസ്ഥാന ഗവൺമെൻറിന് ലഭിച്ച രേഖയിൽ പറയുന്നതാണിത്. "The Higher Secondary stage of education as the important transition stage is 10+2+3 pattern of education as envisaged in the 1968 Education Policy and reiterated in the National Policy on Education 1986." ഇവിടെ വളരെ ക്ലിയർ ആയിട്ടു തന്നെ അവർ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ അടുത്ത ദിവസം നരസിംഹറാവുവിൽ നിന്നു കിട്ടിയ കത്തിൽ പറയുന്നത് ഇങ്ങനെയാണ്. .....In order to provide for diversification of school course with a special emphasis on vocationalisation, it is necessary that plus two stage is a part of the higher secondary school system. That is why it has been our stand that in the 10+2+3 pattern only the three year Degree Course should be a part of the University system. I am happy to note that in consonance with this, you have initiated measures to delink P.D.C. Course from the Universities. 1986–ൽ അഡോപ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരിക്കുന്നത് നാഷണൽ പോളിസിയിൽ പ്ലസ് 2 കോഴ്സ് യൂണിവേഴ്സിറ്റിയുടെ ഭാഗമല്ലെന്നും അത് ഒരു പ്രത്യേക സ്റ്റാറ്റ്യൂട്ടറി ബോർഡിന്റെ കീഴിൽ കൊണ്ടുവരണമെന്നും കാറ്റഗോറിക്കലായിട്ടു പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ.പി. പ്രഭാകരൻ: ഞാൻ ചോദിച്ച സ്പെസിഫിക് ചോദ്യത്തിന് മറുപടി പറഞ്ഞില്ല. പാർലമെന്റ് ഇത്രവണ അംഗീകരിച്ച പുതിയ വിദ്യാഭ്യാസനയ രേഖയിൽ എവിടെയെങ്കിലും പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കണമെന്നു നിർബന്ധമായി പറഞ്ഞിട്ടുണ്ടോ എന്നാണ് ചോദിച്ചത്. അതിന് വേറെ രേഖ കാണിച്ചതുകൊണ്ട് കാര്യമില്ല.

ശ്രീ. ടി.എം. ജേക്കബ്: ഞാൻ വേറൊന്നും പറഞ്ഞില്ല. അങ്ങ് തെറ്റിദ്ധരിച്ചതാണ്. പ്രീ-ഡിഗ്രി ബോർഡ് എന്ന വാക്ക് നാഷണൽ പോളിസിയിൽ പറഞ്ഞിട്ടില്ല. 10+2+3 പാറ്റേണിൽ പ്ലസ് 2 എന്നു പറയുന്നതിന് കേരളത്തിൽ കൊടുത്തിരിക്കുന്ന പേര് പ്രീഡിഗ്രി എന്നാണ്. ചില സ്ഥലങ്ങളിൽ ഹയർസെക്കണ്ടറി എന്ന പേര് കൊടുത്തിട്ടുണ്ട്. ചില സ്ഥലങ്ങളിൽ പ്ലസ് 2 ബോർഡ് എന്ന പേര് കൊടുത്തിട്ടുണ്ട്. ചില സ്ഥലങ്ങളിൽ സെക്കണ്ടറി കൗൺസിൽ എന്ന പേരു കൊടുത്തിട്ടുണ്ട്. കേരളാസംസ്ഥാനത്ത് പ്രീഡിഗ്രി ബോർഡ് എന്ന പേരു കൊടുക്കാൻ ഈ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചു. പേരിൽ മാത്രമേ വ്യത്യാസമുള്ളൂ. ഉള്ളടക്കത്തിലും ആശയത്തിലും പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുന്ന പോളിസി ഇതുതന്നെയാണ്.

ശ്രീ. വി.വി. ജോസഫ്: പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുമ്പോൾ കേരളത്തിലെ യൂണിവേഴ്സിറ്റി ജീവനക്കാരുടേയും കോളേജ് അദ്ധ്യാപകരുടേയും സേവന-വേതന വ്യവസ്ഥകളിൽ മാറ്റം വരുമെന്ന ഒരു ഭീതിയുണ്ട്. അതിന് എന്തെങ്കിലും അടിസ്ഥാനമുണ്ടോ?

ശ്രീ. ടി.എം. ജേക്കബ്: ഇങ്ങനെയൊരു ആശങ്ക നമ്മുടെ സംസ്ഥാനത്തെ ജീവനക്കാരുടെ ഇടയിൽ പരന്നിട്ടുണ്ട്. അവരുമായി പല പ്രാവശ്യം ഞാൻ ചർച്ചകൾ നടത്തി. ഒന്നു രണ്ടു സന്ദർഭങ്ങളിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ചർച്ചകൾ നടത്തുകയുണ്ടായി. ഗവൺമെന്റ് ഒരു കാര്യം ജീവനക്കാർക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. ഈ സഭയിൽക്കൂടി ഒന്നുകൂടി ഉറപ്പ് നൽകാൻ ആഗ്രഹിക്കുന്നത് പ്രീ-ഡിഗ്രിബോർഡിന്റെ രൂപീകരണത്തോടുകൂടി നമ്മുടെ സംസ്ഥാനത്തെ കോളേജുകളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകരുടേയോ അനദ്ധ്യാപകരുടേയോ അല്ലെങ്കിൽ യൂണിവേഴ്സിറ്റിയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടേയോ സേവന വേതന വ്യവസ്ഥകൾക്ക് കോട്ടം തട്ടാതിരിക്കുവാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും. അവർക്കാവശ്യമായ സംരക്ഷണം കൊടുക്കാമെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്.

ശ്രീ. വി.വി. ജോസഫ്: പ്രീ-ഡിഗ്രി ബോർഡ് സമരം കാരണം യൂണിവേഴ്സിറ്റികളിലെ പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ കാലതാമസം വന്നു. ഈ മാസം 22-ാം തീയതി ഫലം പ്രസിദ്ധീകരിക്കുമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറയുകയുണ്ടായി. പക്ഷേ ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ ഫലം മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. ബാക്കിയുള്ളത് പ്രസിദ്ധീകരിക്കാതിരിക്കാനുള്ള കാരണം എന്താണ്? അത് എന്ന് പ്രസിദ്ധീകരിക്കുമെന്ന് ഉറപ്പ് തരാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ്: 22–ാം തീയതി പരീക്ഷാഫലം പ്രസിദ്ധീകരിക്കാനുള്ള ശ്രമങ്ങളാണ് നടത്തിയത്. അതനുസരിച്ച് ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പരീക്ഷാഫലം വന്നിട്ടുണ്ട്. കേരളായൂണിവേഴ്സിറ്റിയിലും കോഴിക്കോട് യൂണിവേഴ്സിറ്റിയിലും നടന്ന ഒന്നുരണ്ടു ദൗർഭാഗ്യകരമായ സംഭവങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ഇതിൽ നോമിനൽറോൾസ് എന്നു പറഞ്ഞത് ഒരു വിഭാഗമുണ്ട്. ഫസ്റ്റ് ഇയർ പരീക്ഷ നടത്തിയതിന്റെ രജിസ്റ്റർ റുണ്ട്. കോളേജുകളിൽ വാല്യുവേഷൻ ക്യാമ്പുകളിൽനിന്നും കിട്ടിയിരിക്കുന്ന മാർക്ക് ലിസ്റ്റുകളുണ്ട്. ഇതെല്ലാം എക്സാമിനേഷൻ സെക്ഷനിലാണ് സൂക്ഷിച്ചുവയ്ക്കേണ്ടത്. പക്ഷേ സമരത്തിൽ ഏർപ്പെട്ട ജീവനക്കാർ ഈ രേഖകൾ യൂണിവേഴ്സിറ്റിയിലെ പല സെക്ഷനിൽ കൊണ്ടുപോയി ഒളിപ്പിച്ചുവച്ചു. മിനിഞ്ഞാന്നാണ് കേരളായൂണിവേഴ്സിറ്റിയുടെ ചപ്പുചവറുകൾ കൂട്ടിയിടുന്ന കൂനക്കകത്തുനിന്നും മൂന്നു കോളേജുകളുടെ മാർക്ക്‌ലിസ്റ്റ് കണ്ടെടുത്തത്. ഇതുപോലെയുള്ള സ്ഥലങ്ങളിൽ ഇത് കൊണ്ടുപോയി ഒളിപ്പിച്ചുവച്ചതിനുശേഷം ഒരുകാരണവശാലും റിസൾട്ട് കൊണ്ടുവരാതിരിക്കാനും, കുട്ടികളെ ദ്രോഹിക്കാനും മനഃപ്പൂർവ്വമായി ഏതാനും ജീവനക്കാർ ശ്രമിച്ചിട്ടുണ്ട്. ആ ശ്രമത്തിന്റെ ഫലമായിട്ടാണ് ഈ ദിവസങ്ങളിൽ റിസൾട്ട് വരാതിരുന്നത്. ഇനി അടുത്തുള്ള ദിവസങ്ങളിൽ കേരളാ-കാലിക്കട്ട് യൂണിവേഴ്സിറ്റികളിലെ റിസൽട്ട് പുറത്തുവരുന്നതാണ്.

ശ്രീ. എ.സി. ഷൺമുഖദാസ്: 'എ' മുതൽ 'ഐ' വരെയുള്ള ചോദ്യത്തിന് ഘടനയെക്കുറിച്ച് രൂപമില്ല, സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് പഠിച്ചിട്ടില്ല, ഇതിന്റെ സാമ്പത്തികബാദ്ധ്യത എന്താണെന്ന് അറിഞ്ഞുകൂടാ, തൊഴിലധിഷ്ഠിത പദ്ധതിയായി മാറുമോ എന്ന വിവരമില്ല, ടെർമിനൽ കോഴ്സാക്കാൻ നിശ്ചയിച്ചിട്ടില്ല എന്നാണ് പറഞ്ഞത്. അതിന്റെയർത്ഥം ഇത് ശൂന്യതയിൽ ആണ് നിൽക്കുന്നത്. അങ്ങനെയാണെങ്കിൽ ഇതൊന്നും പഠിക്കാതെ നയപരമായ തീരുമാനമെടുത്തതിന്റെ ഫലമായി രണ്ടേകാൽ ലക്ഷത്തോളം വരുന്ന പ്രീഡിഗ്രി വിദ്യാർത്ഥികളുടെ ഭാവി (കോട്ടയമൊഴിച്ച്) നഷ്ടപ്പെട്ടുപോകുന്നു എന്നുള്ളത് കണക്കിലെടുത്ത് ഗവൺമെന്റ് ദുർവ്വാശി കാണിക്കാതെ നയപരമായ തീരുമാനം പിൻവലിച്ച് ഒരു തുറന്ന ചർച്ചക്കുശേഷം ഇതുമായിട്ട് ആലോചിച്ച് മുന്നോട്ടുപോകാൻ തയ്യാറാകുമോ?

ശ്രീ. ടി.എം. ജേക്കബ്: ഇതിനെസംബന്ധിച്ച് യാതൊരു അവ്യക്തതയുമില്ല. ഞാൻ ഇവിടെ ആദ്യത്തെ ചോദ്യത്തിന് മറുപടി പറഞ്ഞു. അതിനെ ആസ്പദമാക്കിയാണ് ബഹുമാനപ്പെട്ട ഷൺമുഖദാസ് ഇവിടെ ചില ചോദ്യം ചോദിച്ചത്. ഇവിടെ ഘടനയെസംബന്ധിച്ചും മറ്റു കാര്യങ്ങളെസംബന്ധിച്ചും ഏത് രൂപത്തിൽവേണമെന്നുള്ളതിനെസംബന്ധിച്ച് റിപ്പോർട്ട് തരാൻ വൈസ്ചാൻസലർമാരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അവർ അത് തരും. അത് തന്നുകഴിഞ്ഞാൽ അതിൻമേൽ നടപടികൾ സ്വീകരിക്കാൻ കഴിയും. ഇതിന്റെ കോൺസപ്റ്റ് എന്ന് പറയുന്നത് രണ്ടു വർഷത്തെ ഒരു കോഴ്സാക്കി ഡിഗ്രിക്കുള്ള ഒരു പ്രിപ്പറേറ്ററി കോഴ്സാക്കുക, അതുപോലെതന്നെ വൊക്കേഷണലൈസേഷനുള്ള ഡൈവേഴ്സിഫിക്കേഷൻ കോഴ്സായിട്ടു കൗണ്ടുക എന്നുള്ളതാണ്. അതിനെ ആധാരമാക്കിയിട്ടാണ് ഡോ. നമ്പ്യാരെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തത്. ആ റിപ്പോർട്ട് പൂർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

മായി അഡോപ്റ്റ് ചെയ്തുകൊണ്ട് ഗവൺമെന്റിനു നടപടികൾ സ്വീകരിക്കാൻ ഇപ്പോൾ ബുദ്ധിമുട്ടു വന്നത്, ജീവനക്കാരുമായി ചർച്ച നടത്തിയപ്പോഴുണ്ടായ ഒരു ആശയത്തിന്റെ അടിസ്ഥാനത്തിലാണ്. മൂന്നു വൈസ് ചാൻസലർമാർ അടങ്ങുന്ന ഒരു കമ്മിറ്റിക്ക് ഈ കാര്യം വിട്ടു. അവർ അത് പഠിച്ചതിനുശേഷം കൃത്യമായി അതിനെസംബന്ധിച്ചുള്ള രൂപരേഖ ഗവൺമെന്റിനു സമർപ്പിക്കും. ആ രൂപരേഖയുടെ അടിസ്ഥാനത്തിൽ ഇതുമായിട്ട് മുന്നോട്ടുപോകാൻ കഴിയും. ഇതുകൊണ്ട് ഒരു വിദ്യാർത്ഥിക്കും അപകടമുണ്ടാകാൻ പോകുന്നില്ല. കുട്ടികളുടെ ഭാവിയെ അപകടപ്പെടുത്താൻ ശ്രമിക്കുന്ന ആളുകളെ നമ്മളെപ്പോലെയുള്ള ആളുകൾ സഹായിക്കാതിരുന്നാൽ മാത്രം മതി. വേറെ യാതൊരപകടവും സംഭവിക്കാൻ പോകുന്നില്ല.

ശ്രീ. എ.സി. ഷൺമുഖദാസ്: ഞാൻ ചോദിച്ചത് ഈ കാര്യത്തിൽ ഒരു രൂപവുമില്ലാത്ത നിലക്ക് അനാവശ്യമായ പിടിവാശി കാണിക്കാതെ തൽക്കാലം ഇത് പിൻവലിച്ച് ഒരു ചർച്ചക്കുശേഷം എന്തെങ്കിലും നടപടി എടുക്കാൻ തയ്യാറാകുമോ എന്നാണ്. അതിന് മറുപടി പറഞ്ഞില്ല.

ശ്രീ. ടി.എം. ജേക്കബ്: ഇതിനകത്ത് ഒരു അവ്യക്തതയുമില്ല. ഡോ. നമ്പ്യാരുടെ റിപ്പോർട്ടിൽ ഇതിനെക്കുറിച്ച് ക്ലിയറായിട്ട് പല കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. ഇപ്പോൾ അത് ആക്സപ്റ്റ് ചെയ്യാൻ നിവൃത്തിയില്ല. കാരണം ജീവനക്കാരുമായി നടത്തിയ ചർച്ചയിൽ മൂന്നു വൈസ് ചാൻസലർമാർ അടങ്ങുന്ന കമ്മിറ്റിയെ നിയോഗിച്ച് ആ കമ്മിറ്റി ഇതിന്റെ ഘടനയും മറ്റു കാര്യങ്ങളും പഠിച്ച് റിപ്പോർട്ടു നൽകാൻ പറഞ്ഞിരിക്കുകയാണ്. സ്വാഭാവികമായിട്ടും അത് പെട്ടെന്നുതന്നെ കിട്ടും. കിട്ടിക്കഴിഞ്ഞാൽ നടപടി സ്വീകരിക്കും. ഗവൺമെന്റിനു ഈ കാര്യത്തിൽ ഒരു ദുർവ്വാശിയുമില്ല. ഗവൺമെന്റുതന്നെ മുൻകൈ എടുത്ത് ജീവനക്കാരുമായി പലവുരു ചർച്ച നടത്തിയിട്ടുണ്ട്. ആ ചർച്ചയിൽ ഗവൺമെന്റിനു പോളിസി ഡിസിഷൻ എടുക്കാൻ അവകാശമില്ല എന്നൊക്കെ ജീവനക്കാർ പറഞ്ഞാൽ അതംഗീകരിച്ചുകൊടുക്കാൻ സാദ്ധ്യമല്ല. ആ ഒറ്റ കാര്യത്തിൽ മാത്രമേ അഭിപ്രായവ്യത്യാസമുള്ളു.

ശ്രീ. കെ. പങ്കജാക്ഷൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറയുമ്പോൾ പ്രീഡിഗ്രി കോഴ്സ്, ഏത് രീതിയിൽ ഡൈവേഴ്സിഫിക്കേഷനു വിധേയമാക്കണമെന്ന കാര്യംപോലും ഇനിയും തീരുമാനിക്കാനിരിക്കുകയാണെന്നു സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് ഈ കാര്യത്തിൽ വിദ്യാഭ്യാസരംഗത്തെ പ്രഗൽഭൻമാരായ ആളുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കമ്മിറ്റി പ്ലാനിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ചു. ശ്രീ. വി.ആർ.എസ്. പിള്ള ചെയർമാനും ഡോ. എം.വി. പൈലി, ശ്രീ. പി.കെ. ഉമാശങ്കർ, ശ്രീ. ഗോപാലൻ, (വൈസ് ചാൻസലർ, കൊച്ചിൻ യൂണിവേഴ്സിറ്റി), ഡോ. കെ.എൻ. പൈ, ഡോ. എസ്. വാസുദേവ്, പ്രൊഫസർ കെ.എസ്. ലക്ഷ്മണപണിക്കർ എന്നീ പ്രമുഖരായ ആളുകൾ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയെ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് നിയോഗിച്ചു. ഡോ. എം.വി. പൈലി ചെയർമാനും, പി.എസ്. ഹബീബ് മുഹമ്മദ്, കേരളായൂണിവേഴ്സിറ്റി വൈസ് ചാൻസലർ; ഡോ. ഗോപാലൻ, കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ്ചാൻസലർ; ഡോ. ജയചന്ദ്രൻ, കാലിക്കട്ട് യൂണിവേഴ്സിറ്റി വൈസ്ചാൻസലർ; സംസ്ഥാന ഗവൺമെന്റിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പു സെക്രട്ടറി: കോളിജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ തുടങ്ങിയവരും ഉൾക്കൊള്ളുന്ന ഒരു സബ്ഗ്രൂപ്പും രൂപീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ റിപ്പോർട്ടും ഈ സംസ്ഥാനഗവൺമെന്റിന്റെ പരിശോധനക്ക് വിധേയമായിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. അതിനകത്ത് ഒരു ഇൻറർയൂണിവേഴ്സിറ്റി ബോർഡിനെക്കൊണ്ട് പ്രീഡിഗ്രി പരീക്ഷകൾ നടത്തിക്കണമെന്ന ഒരു ശുപാർശയുണ്ടായിരുന്നു. വിദ്യാഭ്യാസരംഗത്തെ കഴിഞ്ഞകാൽ നൂറ്റാണ്ടുകാലത്തെ വികാസം കണക്കിലെടുത്തുകൊണ്ട് പരിശോധിച്ചതിനുശേഷമാണ് അത്തരം ഒരു വ്യക്തമായ ശുപാർശ പ്ലാനിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിലുള്ള ഈ സബ്ഗ്രൂപ്പ് മുന്നോട്ടുവച്ചത്. പ്രത്യേകിച്ച് മൂന്നു സർവ്വകലാശാലകളുടേയും വൈസ്ചാൻസലർമാർ ഉൾപ്പെടെയുള്ള ഒരു സബ്ഗ്രൂപ്പിന്റെ ശുപാർശ ഇവിടെ സമർപ്പിച്ചതിനുശേഷം അതിൻമേൽ വീണ്ടും മൂന്നു വൈസ്ചാൻസലർമാരെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടു പരിശോധിപ്പിക്കുന്നു എന്നു പറയുന്നതിൽ അർത്ഥമുണ്ടോ? ഈ റിപ്പോർട്ടിൻമേൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു?

ശ്രീ. ടി.എം. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർപറഞ്ഞ പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ. വി.ആർ.എസ്. പിള്ള അടക്കമുള്ള ആളുകൾ ഇൻറർയൂണിവേഴ്സിറ്റിയുടെ കാര്യം പറഞ്ഞിരുന്നു. ഒരു തെറ്റിദ്ധാരണയുമിക്കാര്യത്തിലില്ല. ഗവൺമെന്റിന് ഉത്തമബോദ്ധ്യമുണ്ട്. വളരെ ക്ലിയർ ആണ്. ഒരു തെറ്റിദ്ധാരണയുടെയും ആവശ്യമില്ല. ഗവൺമെന്റിന് മറുപടി പറയാൻ യാതൊരു മടിയുമില്ല. ഈ പറയുന്ന സബ് കമ്മിറ്റി ഒരു ഇൻറർയൂണിവേഴ്സിറ്റി ബോർഡ് രൂപീകരിക്കാൻ പറഞ്ഞു. പക്ഷേ ആ കൺസപ്റ്റ്കൊണ്ട് നമ്മൾ ഉദ്ദേശിക്കുന്ന ഈ ആശയം നടപ്പിലാക്കാൻ കഴിയുകയില്ല എന്ന ബോദ്ധ്യം ഗവൺമെന്റിനുണ്ട്. നമ്മുടെ സംസ്ഥാനത്തുണ്ടായ ചില പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് രണ്ടു കമ്മീഷനുകളെ ഇതിനുവേണ്ടി നിയോഗിച്ചു. ആദ്യത്തെ എം.പി. മേനോൻ കമ്മീഷനെ നിയമിച്ചത് 5–7–1982–ൽ ആണ്. ചില ആളുകൾ ഇത് വെറുമൊരു കമ്മിറ്റിയാണെന്ന് പറയുകയുണ്ടായി. ഈ കമ്മീഷനെ നിയമിച്ചത് കമ്മീഷൻ ഓഫ് എൻക്വയറി ആക്ട്, 1952 അനുസരിച്ചാണ്. അതിന്റെ ടേംസ് ഓഫ് റഫറൻസിൽ പല കാര്യങ്ങളെപ്പറ്റിയും പറഞ്ഞിട്ടുണ്ട്. പരീക്ഷാക്രമക്കേടുകളെക്കുറിച്ചന്വേഷിക്കാനാണ് നമ്മൾ കമ്മീഷനെ നിയമിച്ചത്. ജുഡീഷ്യൽ, എൻക്വയറിതന്നെ വേണമെന്ന് നിയമസഭയ്ക്കകത്തും പുറത്തും എല്ലാവരും ആവശ്യപ്പെട്ടതാണ്. ആ കമ്മീഷൻ റിപ്പോർട്ടിനകത്ത് ഇങ്ങനെയുള്ള ഇറഗുലാരിറ്റീസ് വരാതിരിക്കാൻവേണ്ടി എന്തെല്ലാം റിഫോംസ് സ്വീകരിക്കണം, എന്തെല്ലാം മാറ്റങ്ങൾ വരുത്തണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രീ–ഡിഗ്രി കോഴ്സ് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തെ കാര്യമായി ബാധിച്ചിരിക്കുന്നുവെന്ന് അതിനകത്ത് കാറ്റഗറിക്കലായി പറഞ്ഞിരുന്നു. അതുകൊണ്ട് കഴിയുന്നതും വേഗം ഇത് ഡീലിങ്ക് ചെയ്യണമെന്ന് പറഞ്ഞിരുന്നു. അതിലെ വാചകങ്ങൾ അതേപോലെതന്നെ ഞാൻ വായിക്കാം.

"Delinking Pre-degree being an all India Policy" no recommendations of this Commission are needed for implementing it. All that need be said is that it is high time this question is taken up not only for active consideration but also for implementation. The Universities will not be able to bear the burden for long; their examination systems have already started cracking under the sheer weight of Pre-degree candidates, regular and private. വളരെ ക്ലിയറായിട്ടദ്ദേഹം പറഞ്ഞിട്ടുണ്ട്. അതിനുശേഷം തന്നെയാണ് കേരള യൂണിവേഴ്സിറ്റി നിയമത്തിലെ സബ് സെക്ഷൻ (1) സെക്ഷൻ 71 അനുസരിച്ചും കാലിക്കട്ട് യൂണിവേഴ്സിറ്റി ആക്ടിലെ സബ് സെക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

(1) സെക്ഷൻ 70 അനുസരിച്ചും ഒരു കമ്മീഷനെ ഗവൺമെൻറ് നിയോഗിച്ചത്. ആദിശേഷയ്യാ കമ്മീഷൻ ആ കമ്മീഷനും ഈ കാര്യങ്ങളെക്കുറിച്ചൊക്കെ പഠിക്കുകയും ഈ പറഞ്ഞ രീതിയിൽ തന്നെ, അതായത് പ്രീ-ഡിഗ്രി കോഴ്സ് എന്നുപറയുന്ന ഈ സംവിധാനം യൂണിവേഴ്സിറ്റിയിൽ നിന്ന് മാറ്റി ഒരു പ്രത്യേക സംവിധാനത്തിൻകീഴിൽ കൊണ്ടുവരുകയും ചെയ്യണമെന്നു പറഞ്ഞു. ഈ രണ്ടു വിദഗ്ദ്ധകമ്മീഷനുകളും പറഞ്ഞ കാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആ ഒരു റിപ്പോർട്ട് കണക്കിലെടുക്കേണ്ടതില്ലെന്നാണ് ഗവൺമെൻറ് കരുതുന്നത്.

ശ്രീ. ഇ.ജെ. ലൂക്കോസ്: എസ്.എസ്.എൽ.സി പരീക്ഷ കൃത്യമായി മാർച്ച് മാസത്തിൽ ആരംഭിക്കുകയും മേയ് അവസാനത്തിനുമുമ്പ് റിസൾട്ട് പബ്ലിഷ് ചെയ്യുകയും ചെയ്യുന്ന ഒരു സമ്പ്രദായമുണ്ട്. ഈ പ്രീ-ഡിഗ്രി ബോർഡ് വന്നുകഴിഞ്ഞാൽ ആ തരത്തിൽ സമയത്തിന് പരീക്ഷ ആരംഭിക്കാനും റിസൾട്ട് പബ്ലിഷ് ചെയ്യാനും കഴിയും. അതുപോലെ അദ്ധ്യാപകരുടെയിടയിൽ ഇന്നുള്ള ആശയകുഴപ്പം ഒഴിവാക്കാൻ പ്രീ-ഡിഗ്രി ബോർഡ് എന്നുള്ളത് മാറ്റി, ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കൻററി എഡ്യൂക്കേഷൻ എന്നാക്കി, അദ്ധ്യാപകരെ ആ ഡയറക്ടറേറ്റിനുകീഴിൽ കൊണ്ടുവരുന്നതിനു ശ്രമിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: ഇത് ഒരു പ്രത്യേക സംവിധാനത്തിൻകീഴിൽ കൊണ്ടുവന്നാൽ സംസ്ഥാനതലത്തിൽ സെക്കണ്ടറി എക്സാമിനേഷൻ നടക്കുന്നതുപോലെ തന്നെ ഹയർ സെക്കണ്ടറി എക്സാമിനേഷൻ നടത്തുവാനും അതിൻെറ കോമൺ സിലബസും കരിക്കുലവും ഉണ്ടാക്കുവാനും കഴിയും. അത് സ്വാഭാവികമായും ഇതിൻെറ ഭാഗമായി വരുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ഹയർ സെക്കണ്ടറി എന്നുള്ളത് യൂണിവേഴ്സിറ്റിയിലെ ഏതാനും ഹെഡ് ഓഫ് ഡിപ്പാർട്ടുമെൻറ്സും പറഞ്ഞ ഒരു കാര്യമാണ്. പേരിനെസംബന്ധിച്ച് ഗവൺമെൻറിന് ഒരു പിടിവാശിയുമില്ല. പ്രീ-ഡിഗ്രിബോർഡ് എന്നുപറഞ്ഞിട്ടുണ്ടോയെന്ന് ഇവിടെ ബഹുമാനപ്പെട്ട കെ.പി. പ്രഭാകരൻ ചോദിച്ചു. പ്രീ-ഡിഗ്രി ബോർഡ് എന്നു പറഞ്ഞിട്ടില്ല. പ്ലസ് 2 കോഴ്സ്—അതിന് ഏതുപേരുവേണമെങ്കിലും കൊടുക്കാം. ചില സ്ഥലങ്ങളിൽ കൗൺസിൽ ഫോർ ഹയർ സെക്കണ്ടറി എന്നാണ്. വേണമെങ്കിൽ ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കണ്ടറിയെന്ന് കൊടുക്കാം. പേരിനെസംബന്ധിച്ച് എന്തായാലും പ്രശ്നമില്ല. പേരിനെസംബന്ധിച്ച് ഗവൺമെൻറിന് യാതൊരു പിടിവാശിയുമില്ല.

ശ്രീ. ബേബി ജോൺ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ മറുപടി പറഞ്ഞ കൂട്ടത്തിൽ നയപരമായ ഒരു തീരുമാനമെടുത്തുവെന്ന് പറയുകയും ആ തീരുമാനം വായിക്കുകയും ചെയ്തു. ഞാൻ എൻെറ ഓർമ്മയിൽനിന്ന് പറയുകയാണ്. ഇപ്പോഴുള്ള പ്രീ-ഡിഗ്രി കോഴ്സുകൾ അതേപടി കോളേജിൽ നിലനിറുത്തുക എന്ന ഒരു തീരുമാനംകൂടി എടുത്തതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയാണെങ്കിൽ ഇപ്പോഴത്തെ പ്രീ-ഡിഗ്രി കോഴ്സിലെ സബ്ജക്റ്റിൽ മാറ്റംകൂടാതെ നിലനിറുത്തും. പിന്നെ എന്തിനാണ് ധൃതിപിടിച്ച് ഈ പ്രീ-ഡിഗ്രി ബോർഡ് ഉണ്ടാക്കുന്നത്. പ്രീ-ഡിഗ്രി ബോർഡ് അല്ലെങ്കിൽ ഏതെങ്കിലും രീതിയിലുള്ള ഈ സംവിധാനംകൊണ്ട് ഉദ്ദേശിക്കുന്നത് അഖിലേന്ത്യാടിസ്ഥാനത്തിൽ വന്നിട്ടുള്ള ടെർമിനൽ കോഴ്സാണെങ്കിലും അത് വൊക്കേഷണലൈസേഷന് പ്രാധാന്യം നൽകി കൊടുക്കുന്നതിനാണെന്നാണ് ഞാൻ മനസ്സിലാ

LIBRARY ARCHIVES Kerala Legislative Assembly

ക്കിയിട്ടുള്ളത്. ഇവിടെ ഗവൺമെൻറ് എടുത്തിരിക്കുന്ന നയപരമായ തീരുമാനം സബ്ജക്ട് അതേപടി നിലനിറുത്തുമെന്നുള്ളതാണെങ്കിൽ പിന്നെ എന്തിനാണ് ഈ ബോർഡ് എന്നാണെൻറെ ചോദ്യം?

ശ്രീ. ടി.എം. ജേക്കബ്: ഇപ്പോഴത്തെ രൂപത്തിൽ സബ്ജക്ട് നിലനിറുത്താൻ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യ മന്ത്രി പ്രസംഗമദ്ധ്യേ വായിച്ച ഡോക്യുമെൻറ്സ് എൻെറ കൈവശമുണ്ട്. (ബഹളം) ബഹുമാനപ്പെട്ട ബേബി ജോൺ ചോദിച്ചതിന് കൃത്യമായും വ്യക്തമായും ഞാൻ മറുപടി പറയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ വായിച്ച രേഖ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ ഫയലിൽനിന്ന് അദ്ദേഹം എടുത്തുവായിച്ചതാണ്. അതുതന്നെയാണ് എൻെറ കൈവശവും ഉള്ളത്. 15–ാം തീയതി കൗൺസിൽ മീറ്റിംഗിൽ പ്രീ–ഡിഗ്രി ബോർഡിനെ സംബന്ധിച്ച് എടുത്ത പ്രധാനപ്പെട്ട തീരുമാനങ്ങൾ 1. യൂണിവേഴ്സിറ്റിയിൽനിന്ന് പ്രീ–ഡിഗ്രി കോഴ്സ് ഡീലിങ്ക് ചെയ്ത് ഒരു പ്രത്യേക ബോർഡിൻെറ കീഴിൽ കൊണ്ടുവരിക, 2. അതിൻെറ പേര് പ്രീ–ഡിഗ്രി ബോർഡ് എന്നായിരിക്കുക. 3. ഇപ്പോൾ ഈ കോഴ്സ് നടന്നു വരുന്ന കോളേജുകളിൽത്തന്നെ അത് നിലനിറുത്തുക. 4. പ്രീ–ഡിഗ്രി ബോർഡിൻെറ ആസ്ഥാനം തിരുവനന്തപുരത്തായിരിക്കുക. ഈ നാലു കാര്യങ്ങളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സഭയിൽ തൻെറ പ്രസംഗമദ്ധ്യേ വായിച്ചത്. ശ്രീ. ബേബിജോൺ ഇവിടെ ചോദിച്ചത് പ്രീ–ഡിഗ്രി കോഴ്സ് യാതൊരു വ്യത്യാസംകൂടാതെ നിലനിറുത്തുകയാണെങ്കിൽ പിന്നെ എന്തിനാണ് ഈ ബോർഡ് എന്നാണ്. ഗവൺമെൻറ് പറഞ്ഞിരിക്കുന്നത് ഈ കോഴ്സ് കോളേജുകളിൽ നിലനിറുത്തുമെന്നാണ്. ഈ കോഴ്സിൻെറ സംവിധാനമെന്തായിരിക്കും. ഇതൊരു ഡൈവേഴ്സിഫിക്കേഷൻ കോഴ്സായിട്ട് നാഷണൽ പാറ്റേണിൽ നമ്മൾ ഉദ്ദേശിക്കുന്ന രൂപത്തിൽകൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. നമ്മുടെ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന ഒരു പ്രത്യേകതയെന്താണെന്നുവച്ചാൽ പ്രീ–ഡിഗ്രി കോഴ്സിന് 86 പേപ്പർ പരീക്ഷാഫലം പ്രസിദ്ധീപ്പെടുത്താനുണ്ടെന്നുള്ളതാണ്. അതുപോലെതന്നെ 46 ബോർഡ് ഓഫ് സ്റ്റഡീസ് ഉണ്ട്. ഈ 46 ബോർഡ് ഓഫ് സ്റ്റഡീസിനെവച്ചുകൊണ്ട് പ്രീ–ഡിഗ്രി കോഴ്സിൻെറ സിലബസിൽ ഒരിക്കലും ഒരുമാറ്റവും വരുത്താൻ കഴിയുകയില്ല. ഉദാഹരണമായി പ്രീ–ഡിഗ്രി പരീക്ഷയിലെ ഇംഗ്ലീഷ് പേപ്പറിൻെറ കാര്യമെടുക്കാം. ഇംഗ്ലീഷിന് മൂന്നുപേപ്പറിൻെറ പരീക്ഷ നമ്മൾ നടത്തുന്നുണ്ട്. ഇംഗ്ലീഷ് പേപ്പറിൻെറ പീരിയഡ് പ്ലസ് 2 കോഴ്സ് എന്നുള്ള നിലയിൽ വരുമ്പോൾ ടെർമിനൽ കോഴ്സ് ആക്കിയിട്ട് അല്ലെങ്കിൽ വെക്കേഷണലൈസേഷൻ കൂടുതലാക്കിയിട്ട് അതിനകത്ത് ഇൻഡക്ട് ചെയ്യണമെങ്കിൽ സ്വാഭാവികമായും ഇതിൻെറ സിലബസിലും കരിക്കുലത്തിലും മാറ്റംവരുത്തണം. ആ മാറ്റംവരുത്താൻ തന്നെയാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. അതാണ് എൻ.സി.ഇ.ആർ.ടി. യുടെ സഹായം നമ്മൾ ആവശ്യപ്പെട്ടിട്ടുള്ളത്. അവരുടെ ആളുകൾ ഇവിടെ വന്നുകഴിഞ്ഞു. അതിൻെറ പ്രവർത്തനങ്ങൾ നടന്നുവരുകയാണ്. യൂണിവേഴ്സിറ്റിയിൽ നിലനിൽക്കുന്ന ഇന്നത്തെ സംവിധാനമനുസരിച്ച് പ്രീ–ഡിഗ്രി കോഴ്സിൽ എന്തെങ്കിലും മാറ്റംവരുത്തണമെങ്കിൽ 46 ബോർഡ് ഓഫ് സ്റ്റഡീസും ഒരുപോലെ ഐകകണ്ഠ്യേന ഒക്കമെൻറ് ചെയ്തെങ്കിൽമാത്രമേ മാറ്റംവരുത്താൻ കഴിയുകയുള്ളൂ. ആ കാരണങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് ഇതിൽ മാറ്റം വരുത്തേണ്ടത് ആവശ്യമായിവന്നത് 1964–ൽ ആരംഭിച്ച ഒരു കോഴ്സാണിത്. അൽപ്പസ്വൽപ്പം മാറ്റം സില

LIBRARY ARCHIVES Kerala Legislative Assembly

ബസിൽ വന്നിട്ടുണ്ടെങ്കിലും കാതലായ മാറ്റം വന്നിട്ടില്ല. ശ്രീ. ബേബി ജോൺ ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിനകത്ത് പൊക്കേഷണലൈസേഷന്റെ ഇൻപുട്ട്സ് കൂടുതൽ ഇട്ടുകൊണ്ടുതന്നെ ഇതൊരു ഡൈവേഴ്സിഫിക്കേഷൻ കോഴ്സാക്കി രൂപാന്തരപ്പെടുത്തി, കുട്ടികൾക്ക് കൂടുതൽ പ്രയോജനപ്രദമായ ഒരു കോഴ്സാക്കി രൂപാന്തരപ്പെടുത്താനുള്ള നടപടികളാണ് ഈ സംവിധാനംവഴി ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനുള്ള സഹായങ്ങളും എൻ.സി.ഇ.ആർ.ടി.യിൽ നിന്ന് ലഭ്യമായിട്ടുണ്ട്. ഇതിന്റെ ഉദ്യോഗസ്ഥൻമാർ ഇവിടെ വരികയും പ്രവർത്തനങ്ങളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: പ്രീ-ഡിഗ്രി ബോർഡ് രൂപംകൊള്ളുന്നതോടുകൂടി യൂണിവേഴ്സിറ്റി ഓഫീസിൽ നൂറുകണക്കിന് ജീവനക്കാർ അധികപറ്റായി തീരാൻപോകുകയാണ്. അവർക്കെല്ലാം ജോലി നഷ്ടപ്പെടും. പ്രീ-ഡിഗ്രി ബോർഡിലേക്കുള്ള നിയമനം ഗവൺമെന്റാണോ നടത്താൻ ഉദ്ദേശിക്കുന്നത്; അതല്ല ബോർഡ് ആണോ നടത്താൻ ഉദ്ദേശിക്കുന്നത്? വാട്ടർ ആൻറ് വേയ്സ് ആൻറ് വാട്ടർ അതോറിറ്റിയിൽ ആളുകളെ നിയമിച്ചതുപോലെ 25,000-വും 50,000 രൂപ കൈക്കൂലിവാങ്ങിയിട്ടാണോ ഇവിടെയും നിയമനം നടത്തുക? അതിനു വേണ്ടിയാണോ ഈ ബോർഡ് രൂപീകരിക്കുന്നത്?

ശ്രീ. ടി.എം. ജേക്കബ്: മെമ്പറുടെ ഭാവനയിലുള്ള കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞത്. ഒരു കാര്യം ഇവിടെ വ്യക്തമാക്കാനാഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് സെക്കണ്ടറി എഡ്യൂക്കേഷൻ എന്ന ഒരു സംവിധാനമുണ്ട്. ആ സെക്കണ്ടറി എഡ്യൂക്കേഷൻ ഫലപ്രദമായി കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആ സെക്കണ്ടറി എഡ്യൂക്കേഷനിലേക്ക് ജീവനക്കാരെ എടുക്കുന്നുണ്ട്. സ്വാഭാവികമായും അതേ മെത്തേഡ് തന്നെയായിരിക്കും ഹയർ സെക്കണ്ടറിക്കും നമുക്ക് സ്വീകരിക്കാൻ കഴിയുക. അതായത് പി.എസ്.സി. വഴിയുള്ള നിയമനം. അതല്ലാതെ പ്രത്യേക ബോർഡും പ്രത്യേക നിയമനവുമൊന്നും ഇക്കാര്യത്തിൽ ഇല്ല. നൂറുകണക്കിന് ജീവനക്കാർ ഇവിടെ അധികം വരുമെന്ന് പറഞ്ഞു. ഈ സഭയിൽവന്ന ഒരുകാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നു. ഇവിടെ ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് രൂപം കൊടുത്തപ്പോൾ കേരള യൂണിവേഴ്സിറ്റിയിലെ ജീവനക്കാർ, സമരം നടത്തി. അന്ന് അവർ ഈ രാജ്യം മുഴുവനും പ്രചരിപ്പിച്ചിരുന്നത് ആയിരത്തിലേറെ ജീവനക്കാർ അധികം വരുമെന്നാണ്. അങ്ങേയ്ക്കും അറിയാവുന്ന കാര്യമാണത്, ഒരുകാര്യം ഞാൻ സഭയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. അന്ന് ഗവൺമെന്റ് പറഞ്ഞു ''നിങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടുമുണ്ടാകുകയില്ല, ഗവൺമെന്റ് നിങ്ങളെ ദ്രോഹിക്കാൻ ആഗ്രഹിക്കുന്നില്ലെ''ന്ന്. ഓപ്ഷൻ തരാമെന്ന് പറഞ്ഞു. യൂണിവേഴ്സിറ്റി നിയമത്തിന്റെ ഭാഗമാക്കിത്തന്നെ നമ്മൾ ഓപ്ഷൻ കൊടുക്കുകയും ചെയ്തു. ഇവിടെനിന്നു കൃഷ്ടിച്ച് 190-ൽ പരം ആളുകൾ മാത്രമാണ് ഓപ്ട് ചെയ്തു പോകാൻ തയ്യാറായത്. അതിൽകൂടുതൽ ആളുകൾ പോയിട്ടില്ല. വെറുതെ ഒരു ഉൽക്കണ്ഠ ജീവനക്കാരുടെ ഇടയിൽ ഉണ്ടാക്കുകയാണ്. എനിക്ക് എഴുതിത്തന്ന രേഖയിലും ഈ സഭയിൽ പറഞ്ഞതിനകത്തും ആയിരത്തിലേറെ ജീവനക്കാർ അധികമാകുമെന്നു പറഞ്ഞ സ്ഥാനത്ത് ഓപ്ഷൻ കൊടുത്ത് പോകാൻ തയ്യാറായത് ഇത്രയും പേരാണ്. അങ്ങനെ ഓപ്ട് ചെയ്ത് ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്കുപോയ സകല ആളുകൾക്കും അവിടെ പ്രമോഷൻ കിട്ടി, അവർ ഇവിടെനിന്നുപോയപ്പോൾ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ളവർക്കും പ്രമോഷൻ കിട്ടി. സ്വാഭാവികമായും ജീവനക്കാർ അധികം ചന്നാൽ അവരെ ഏതെല്ലാം നിലയിൽ ഈ സംവിധാനവുമായിട്ട് ഒരുമിപ്പിക്കണം അല്ലെങ്കിൽ അവരുടെ ജോലി നഷ്ടപ്പെടാതെ എന്തെല്ലാം ചെയ്യണമെന്നുള്ളത് നമുക്ക് ആലോചിക്കാവുന്ന കാര്യമാണ്. ഒരു ജീവനക്കാരനെയും പിരിച്ചുവിടാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി.പി. തങ്കച്ചൻ: പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ഉൻതന്നെ പിരിച്ചുവിടപ്പെട്ട രണ്ടു യൂണിവേഴ്സിറ്റികളുടെയും സിൻഡിക്കേറ്റുകളും പുനഃസംഘടിപ്പിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ? സിൻഡിക്കേറ്റുകളും പിരിച്ചു വിടാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: നമ്മുടെ യൂണിവേഴ്സിറ്റി നിയമമനുസരിച്ച് യൂണിവേഴ്സിറ്റി പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും പൂർണ്ണമായും സിൻഡിക്കേറ്റുകളുടെ അധികാര പരിധിയിൽ പെടുന്ന ഒരു കാര്യമാണ്. ദൗർഭാഗ്യകരമായ ചില സംഭവങ്ങളുണ്ടായി എന്ന് കേരള യൂണിവേഴ്സിറ്റിയുടേയും കാലിക്കട്ട് യൂണിവേഴ്സിറ്റിയുടേയും വൈസ് ചാൻസലർമാർ ഗവൺമെൻറിനെ അറിയിക്കുകയുണ്ടായി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗങ്ങളിൽ ചിലർ ടാബുലേഷൻ ക്യാമ്പുകളിൽ ചെല്ലുകയും അവിടെ പരീക്ഷാപേപ്പറിൻറെ വാല്യുവേഷനിലേർപ്പെട്ടിരുന്ന അദ്ധ്യാപകരുമായി പല കാര്യങ്ങളിലും ബന്ധം പുലർത്തുകയും അവർക്ക് പരീക്ഷാപേപ്പർ വാല്യുചെയ്യുന്നതിന് തടസ്സം സൃഷ്ടിക്കുകയും ചെയ്തു. പരീക്ഷാഫലം പ്രസിദ്ധപ്പെടുത്താൻ വൈമനസ്യം കാണിച്ചുകൊണ്ടുതന്നെ ചില നടപടിക്രമം ചില യൂണിവേഴ്സിറ്റികളിലുണ്ടായതായി ഗവൺമെൻറിന് അറിവു ലഭിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ നമ്മുടെ യൂണിവേഴ്സിറ്റി നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ചില നടപടികളും ഗവൺമെൻറിന് സ്വീകരിക്കേണ്ടതായി വന്നു. ആ കാര്യത്തിൽ സംസ്ഥാന ഗവൺമെൻറ് ഗവർണ്ണറെ ഉപദേശിച്ചിട്ടുണ്ട്. അതിൻറെ അടിസ്ഥാനത്തിലാണ് നടപടിയെടുത്തിട്ടുള്ളത്.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇന്ന് ഈ രാജ്യത്ത് പ്രീ–ഡിഗ്രി വിദ്യാഭ്യാസത്തിന് രണ്ടുതരത്തിലുള്ള ഏർപ്പാടുകളാണുള്ളത്. അഖിലേന്ത്യാ നയം നടപ്പിലാക്കുന്ന സംസ്ഥാനങ്ങളിൽ പ്രീ–ഡിഗ്രി കോഴ്സ് സ്കൂളുകളിലാണ് നടത്തുന്നത്. അഖിലേന്ത്യാ നയം നടപ്പിലാക്കാത്ത കുറച്ച് സംസ്ഥാനങ്ങളിൽ പ്രീ–ഡിഗ്രി കോഴ്സ് യൂണിവേഴ്സിറ്റിയുടെ അധീനതയിൽ ഉള്ള കോളേജുകളിൽ നടത്തുന്നുണ്ട്. ഇന്ന് കോളേജുകളിൽ നടത്തുന്ന പ്രീ–ഡിഗ്രി കോഴ്സ് ഒരു ബോർഡിൻറെ കീഴിലേക്ക് കൊണ്ടുവരുമ്പോൾ ഇൻഡ്യയിൽ മൂന്നാമത് ഒരു സിസ്റ്റം അഡോപ്റ്റ് ചെയ്യാൻ പോകുകയാണ്. ഇതുമൂലം ഡ്യൂവൽ കൺട്രോൾ (ഡയാർക്കി) സ്വാഭാവികമായും സംഭവിക്കും. കുറച്ച് യൂണിവേഴ്സിറ്റിയുടെ കീഴിലും കുറച്ച് ബോർഡിൻറെ കീഴിലും വരും. ഈ രണ്ടുകാരണത്താൽ ഇത് വളരെയധികം ആലോചിക്കേണ്ടതാണ്. ചർച്ച ചെയ്യേണ്ടതാണ്. അത് കണക്കിലെടുത്തുകൊണ്ട് വ്യാപകമായ ചർച്ച നടത്തുകയോ, ഈ നിയമസഭയിൽ തന്നെ ചർച്ച നടത്തുകയോ ചെയ്യാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. ടി.എം. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളോട് പൂർണ്ണമായി യോജിക്കാൻ എനിക്ക് കഴിയുകയില്ല. അദ്ദേഹത്തിൻറെ കക്ഷിഭരിക്കുന്ന കർണ്ണാടക സ്റ്റേറ്റിലെ പാറ്റേൺതന്നെ വേണമെങ്കിൽ ഈ കാര്യത്തിൽ സ്വീകരിക്കാവുന്നതാണ്. 1971–ലാണ് കർണ്ണാടക

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് സെക്കൻഡറി എഡ്യൂക്കേഷൻ ബോർഡ് നിലവിൽ വന്നത്. അതിനുശേഷം 1985-ലാണ്, അങ്ങയുടെ കക്ഷി ഭരിക്കാൻ വന്നതിനുശേഷം, ഇതിനെ സംബന്ധിച്ച് ഏഫെക്ടീവായിട്ടുള്ള മെത്തേഡ്സ് എഴുക്കുകയും ചില ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തത്. ഹയർസെക്കൻഡറി ബോർഡിലേക്ക് ഫുൾടൈം ചെയർമാനെ അപ്പോയിന്റ് ചെയ്തത് 1985-ൽ ആണ്. അങ്ങയുടെ കക്ഷി ഭരിക്കുന്ന കർണ്ണാടകത്തിൽ ഇപ്പോഴും ബോർഡ് ഓഫ് ഹയർസെക്കൻഡറി എഡ്യൂക്കേഷനാണ് ഉള്ളത്. കർണ്ണാടക സംസ്ഥാനത്ത് 1971-ൽ ആണ് തുടങ്ങിയതെങ്കിലും പൂർണ്ണരൂപത്തിൽ എത്തിയത് അങ്ങയുടെ കക്ഷി ഭരിക്കാൻ വന്നപ്പോഴാണ്. എന്റെ സുഹൃത്തുകൂടിയായ ശ്രീ. രഘുപതി അവിടെ വിദ്യാഭ്യാസമന്ത്രി ആയതിനു ശേഷമാണ് അത് സ്വീകരിച്ചത്. അവിടെ സ്കൂളുകളിലും കോളേജുകളിലും ഈ കോഴ്സ് നിലനിൽക്കുന്നുണ്ട്. അവിടെ ഒരു തരത്തിലുള്ള അരാജകത്വവുമില്ലെന്നാണ് ഞങ്ങൾക്ക് കിട്ടിയിട്ടുള്ള അറിവ്. തൊട്ട് അയൽ സംസ്ഥാനമായതിനാൽ കർണ്ണാടക സംസ്ഥാനത്തിൽ പ്രത്യേകമായി പോകുകയും അത് പരിശോധിക്കുകയും റിപ്പോർട്ട് ഞങ്ങളെ വാങ്ങിക്കുകയും ചെയ്തിട്ടുണ്ട്. അവിടെയും ഗവൺമെന്റ്, എയിഡഡ്, അൺ-എയിഡഡ് ഈ മൂന്നു സംവിധാനവും നിലവിലുണ്ട്. അവിടെ 1057 സ്കൂളുകളിൽ ഈ സംവിധാനം നിലനിൽക്കുന്നുണ്ടെന്നാണ് ഗവൺമെന്റിന് കിട്ടിയിരിക്കുന്ന ഔദ്യോഗിക രേഖയിൽനിന്ന് കാണാൻ കഴിയുന്നത്. വേണമെങ്കിൽ കർണ്ണാടക സംസ്ഥാനത്തിലെ പാറേൺ നമുക്ക് അഡോപ്ട് ചെയ്യാം. കോളേജുകളിൽ ഈ കോഴ്സ് പ്രത്യേക സംവിധാനത്തിൻ കീഴിൽ കൊണ്ടുവന്നതുകൊണ്ട് യാതൊരു അരാജകത്വവും ആ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. മഹാരാഷ്ട്രയിലും മറ്റ് പല സംസ്ഥാനങ്ങളിലും ഈ സംവിധാനമുണ്ട്. സ്വാഭാവികമായും അവിടുത്തെ എക്സ്പീരിയൻസിൽനിന്ന് അവർക്ക് കിട്ടിയിരിക്കുന്ന അറിവ് നമുക്കുകൂടി പ്രയോജനപ്പെടുത്താൻ ഈ വൈകിയവേളയിൽ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: ദേശീയ വിദ്യാഭ്യാസ നയത്തിൽ 10+2-3 എന്ന പാറേൺ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ട് 12 കൊല്ലമായിട്ടുണ്ട്. കേരളത്തിൽ ഇത് പരിശോധിച്ചശേഷമാണ് പ്രീ-ഡിഗ്രി കോഴ്സ് യൂണിവേഴ്സിറ്റിയിൽ തുടരട്ടെയെന്നുള്ള തീരുമാനം എടുത്തത്. ഇപ്പോൾ ഡീലിങ്ക് ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് പറഞ്ഞു. അത് കോളേജിൽ നിർത്തുമോ ഹൈസ്കൂളിൽ നിർത്തുമോ മൂന്നാമതായി ഒരു പാറേൺ ആക്കുമോ, എന്തുചെയ്യണമെന്ന് ഇപ്പോഴും തീരുമാനിച്ചിട്ടില്ല. ഡിഗ്രിയിലേക്ക് പോകുന്നത് ഡൈവേഴ്സിഫൈ ചെയ്തുകൊണ്ട് ടെക്നിക്കലായിട്ടുള്ള കോഴ്സുകളിലേക്ക് ആളുകളെ ആകർഷിക്കാനുള്ള പരിശീലനവും സംവിധാനവും ഉണ്ടാക്കാനാണ് +2 കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. നിരവധി കോഴ്സുകൾക്ക് ട്രെയിനിങ്ങ് കൊടുക്കാനുള്ള കഴിവ് +2 നടപ്പിലാക്കുന്ന സ്ഥാപനങ്ങൾക്ക് ഉണ്ടാകണം. അതു ഉണ്ടാക്കാൻ കഴിയുമോയെന്ന കാര്യവും അതിന് പണം വേണമെന്ന കാര്യവും ഗവൺമെന്റ് ആലോചിച്ചില്ല. നയപരമായ തീരുമാനമെടുക്കുമ്പോൾ ഇത്തരം കാര്യങ്ങൾ പരിശോധിക്കാതെ, പിന്നെ തീരുമാനിക്കാമെന്നു പറയുന്നത് നയവ്യതിയാനമാണ്. അതുകൊണ്ട് ബുദ്ധിപരമായി ഇത്തരം കാര്യങ്ങൾ പരിശോധിച്ചശേഷം നയപരമായ ഒരു തീരുമാനം ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിക്കൊണ്ട് എടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ്: 1964-ൽ ഇത് രൂപീകരിച്ചത് ഈ ശുപാർശകളുടെ അടിസ്ഥാനത്തിലാണ്. 1964-ൽ കോത്താരി കമ്മീഷൻ റിപ്പോർട്ടാണ് 10+2+3 പാറ്റേണിന്റെ യഥാർത്ഥ രൂപം നമ്മുടെ രാജ്യത്ത് ആദ്യമായി വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പറഞ്ഞത്. അതിനു മുൻപ് തന്നെ സെക്കൻഡറി എഡ്യൂക്കേഷനെക്കുറിച്ചുള്ള റിമേഡിയൽ നമ്മൾ രൂപീകരിച്ച മുതലിയാർ കമ്മീഷൻ റിപ്പോർട്ടിൽ സൂചനയുണ്ടായിരുന്നു. 1964-ൽ നമ്മൾ രൂപീകരിച്ച കൺസെപ്ട്വും പാറ്റേണും അല്ല 1966-ൽ കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരുന്നത്. കോത്താരി കമ്മീഷൻ റിപ്പോർട്ടിനുശേഷം ഇത് സംബന്ധിച്ചു പഠനം നടത്തിയ വിദഗ്ദ്ധൻമാരുടെ കമ്മിറ്റിയുടെ സെക്കൻഡറി എഡ്യൂക്കേഷന്റെ കണ്ടിന്യുവേഷനാണ് +2 എഡ്യൂക്കേഷൻ എന്ന നിലയിലാണ് ശുപാർശചെയ്തതും പ്രാവർത്തികമാക്കുകയും ചെയ്തിട്ടുള്ളത്. അത് പാടില്ല, നോക്കിയില്ല എന്നു പറയുന്നത് ശരിയല്ല. ഈ കാര്യങ്ങൾ വളരെ ഗഹനമായി ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ട്. ഒരുകാര്യം സഭയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. ഈ നിയമസഭയിൽ ശ്രീ. ടി.വി. വിജയരാജന്റെ 1564-ാം നമ്പർ ചോദ്യത്തിന് മറുപടിയായി 24-7-1985-ൽ ഞാൻ ഈ സഭയിൽ നൽകിയ ഉത്തരത്തിൽ ഹയർ സെക്കൻഡറി ബോർഡ് രൂപീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട് എന്ന് വളരെ വ്യക്തമായി പറഞ്ഞിരുന്നു. അതുപോലെ തന്നെ ഇവിടെ ബഡ്ജറ്റ് പ്രസംഗത്തിലും ഈ സഭയിൽതന്നെ ഡിമാൻഡ് ചർച്ചയിൽ പങ്കെടുത്തുകൊണ്ടും ഞാൻ ഇത് പറഞ്ഞിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്തിട്ടില്ലെന്നു പറഞ്ഞത് ശരിയല്ല. 1964-ൽ കേരളത്തിൽ വരുത്തിയ സംവിധാനം മാറ്റമോ എന്ന് ചോദിക്കുന്നു. അതിന് ശേഷമാണ് 1982-ൽ നിയമപരമായി നിയമിച്ച എം.പി. മേനോൻ കമ്മീഷൻ റിപ്പോർട്ടിലും അതിനുശേഷം നിയമിച്ച ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിലും വളരെ ക്ലിയറായിട്ട് കാര്യങ്ങൾ പരിശോധിക്കുകയും പറയുകയും ചെയ്തു. 1964-ൽ വേറൊന്നു എന്നു പറയുന്നു ആ സങ്കൽപ്പത്തെ സംബന്ധിച്ച് അഞ്ചുവർഷക്കാലത്തിനുശേഷം, 1969-ൽ സ്വാവ് ഇ.എം.എസ്. മുഖ്യമന്ത്രിയായിരുന്നപ്പോൾ An alternative for the Fourth Five Year Plan എന്നു പറഞ്ഞ് പ്ലാനിംഗ് കമ്മീഷന് സമർപ്പിച്ച ഒരു രേഖയിൽ മുണ്ടശ്ശേരി മാസ്റ്റർ വളരെ ക്ലിയറായിട്ട് ഈ കാര്യങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ശുപാർശയിൽ മൂന്നു കാര്യങ്ങൾ അവസാനമായി പറഞ്ഞു. ഒരു പ്രത്യേക അതോറിറ്റിയുടെ കീഴിൽ ബോർഡ് കൊണ്ടുവരണമെന്നു പറഞ്ഞു. 1964-ൽ ആരംഭിച്ച, 5 വർഷക്കാലത്തെ കേരളത്തിന്റെ എക്സ്പീരിയൻസ് കണക്കിലെടുത്തുകൊണ്ട് അന്ന് ബഹുമാനപ്പെട്ട ജോസഫ് മുണ്ടശ്ശേരി പറഞ്ഞ ആശയത്തെ അന്നത്തെ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് എൻഡോഴ്സ് ചെയ്യുകയും പ്ലാനിംഗ് കമ്മീഷന്റെ മുൻപാകെ അവതരിപ്പിക്കുകയും ചെയ്തു. രാജ്യ വ്യാപകമായി പല തലങ്ങളിലും ആ കാര്യം ചർച്ച ചെയ്തപ്പോഴും പല കാര്യങ്ങളെക്കുറിച്ച് പരിശോധിച്ചപ്പോഴും പഠിച്ചപ്പോഴും ഈ ആശയം നമ്മുടെ രാജ്യത്ത് ആവശ്യമാണെന്ന് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടിട്ടുള്ള സകല വിദഗ്ദ്ധൻമാരും സകല കമ്മീഷനുകളും അധികാരികമായി പറഞ്ഞിട്ടുള്ള കാര്യം ഗവൺമെന്റ് അഡോപ്ട് ചെയ്തുവെന്ന് മാത്രമേയുള്ളൂ. അതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും രൂപരേഖയും ഉണ്ട്. ഭംഗിയായ നിലയിൽ ഈ കോഴ്സ് സംവിധാനം ചെയ്യാൻ കഴിയുമെന്ന ഉത്തമബോദ്ധ്യം ഈ ഗവൺമെന്റിനുണ്ട്.

ശ്രീ. എ.വി. താമരാക്ഷൻ: കേരളത്തിൽ യൂണിവേഴ്സിറ്റിയുടെ ഭാഗമായി ഇന്നു നടന്നുകൊണ്ടിരിക്കുന്ന യൂണിവേഴ്സിറ്റി വിദ്യാഭ്യാസം

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റിയിൽ നിന്നടർത്തി പ്രത്യേകമായി ഒരു ബോർഡിന്റെ കീഴിൽ കൊണ്ടുവരുന്ന നയപരമായ നടപടി സ്വീകരിക്കുമ്പോൾ വൊക്കേഷണലൈസേഷന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ബോർഡിന്റെ ഘടന, അതിന്റെ പ്രവർത്തനരീതി അതുമൂലമുണ്ടാക്കുന്ന അധികച്ചെലവ് ഇതിനെക്കുറിച്ചെല്ലാം ആലോചിച്ചിട്ടുണ്ടോ? ഇപ്പോൾത്തന്നെ വിദ്യാഭ്യാസത്തിനു വേണ്ടി 450 കോടി രൂപയോളം ചെലവാക്കുന്ന സംസ്ഥാനമാണ് കേരളം. ഈ ബോർഡ് രൂപീകരിക്കുമ്പോൾ അധികച്ചെലവായി വരുന്ന 700 കോടി രൂപ കൂടി താങ്ങാൻ കഴിയുമോ? ഈ വക കാര്യങ്ങളെക്കുറിച്ചൊന്നും ആലോചിക്കാതെ ഇത്ര ധൃതിപിടിച്ചൊരു തീരുമാനമെടുക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ച സംഗതി എന്താണ്? ഇന്ന് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ജീവനക്കാരും അദ്ധ്യാപകരുമെല്ലാം ബോർഡ് വന്നു കഴിഞ്ഞ് ബോർഡിന്റെ കീഴിൽ പോകുമ്പോൾ നാളെ യൂണിവേഴ്സിറ്റി ജീവനക്കാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഭാവിയിൽ ഇവർക്കും ലഭിക്കുമെന്നതിന് വല്ല ഉറപ്പുമുണ്ടോ?

ശ്രീ. ടി.എം. ജേക്കബ്: 700 കോടി രൂപയുടെ അധികച്ചെലവുണ്ടാകുമെന്നു ശ്രീ. താമരാക്ഷൻ പറഞ്ഞത് ഏതു സാമ്പത്തിക പരിശോധനയുടെ അടിസ്ഥാനത്തിലാണെന്നു എനിക്ക് മനസ്സിലാകുന്നില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ശരിയായ വർക്കൗട്ടിനുശേഷം മാത്രമേ അതിന്റെ ഫിനാൻഷ്യൽ ഇംപ്ലിക്കേഷനെക്കുറിച്ച് പറയാൻ കഴിയുകയുള്ളൂ. എന്തായാലും അതിശയോക്തിപരമായ ഒരു പരാമർശമാണിത്. അത്രയൊന്നും അധികച്ചെലവുണ്ടാകുകയില്ല. ദേശീയവിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ആവിഷ്കരിക്കുന്ന ഒരു സംവിധാനത്തിൽ അൽപ്പമെന്തെങ്കിലും അധികച്ചെലവ് വന്നാൽ അതു താങ്ങേണ്ട ധാർമ്മിക ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ഇത്ര ധൃതി പിടിച്ചു ഇത് ഏർപ്പെടുത്തിയതെന്തിനാണെന്ന് മെമ്പർ ചോദിച്ചു. ധൃതിപിടിച്ചൊന്നും ചെയ്തിട്ടില്ല. ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം എം.പി. മേനോൻ കമ്മീഷൻ റിപ്പോർട്ട് ഞാൻ ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളതാണ്. ഈ സഭയിലെ അംഗങ്ങൾക്ക് അതു പരിശോധിക്കാൻ അവസരം കിട്ടിയിട്ടുണ്ട്. മാൽക്കം ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് യൂണിവേഴ്സിറ്റി സമിതികളിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. കേരളാ യൂണിവേഴ്സിറ്റിയിൽ അതു ചർച്ച ചെയ്തിട്ട് അയച്ചുതന്ന റിപ്പോർട്ടിന്റെ ഒരു ഭാഗം ഞാൻ വായിക്കാം. The Senate of the Kerala University considered the report of recommendations at its special meeting on 16th and 17th September, 1985. The Senate was of the view that any fundamental change in the field of higher education in Kerala should be effected only after taking into consideration the national policy on higher education being evolved by the Central Government. The Senate also requested the Government that the recommendations contained in the report of Adiseshaya Commission which go against the democratic set up envisaged in the Kerala University in 1974 be not accepted. എന്നാണ് പറഞ്ഞിരിക്കുന്നത്. സെൻട്രൽ ഗവൺമെന്റിന്റെ നാഷണൽ പോളിസി അഡോപ്റ്റ് ചെയ്യുന്നതിനെക്കുറിച്ചു സെനറ്റ് അഭിപ്രായം പറഞ്ഞിട്ടുണ്ട്. പോളിസിയെ സംബന്ധിച്ചിടത്തോളം ഫസ്റ്റ് പാർട്ട് അവർ പറഞ്ഞതുതന്നെയാണ് ഗവൺമെന്റ് അഡോപ്റ്റ് ചെയ്തിരിക്കുന്നത്. കാലിക്കട്ട് യൂണിവേഴ്സിറ്റി സെനറ്റിൽ ഇതുസംബന്ധമായി 3 ദിവസം ചർച്ച നടന്നു. കോറമില്ലാത്തതിനാൽ സെനറ്റ് യോഗം പിരിച്ചുവിട്ടതിനാൽ ചർച്ച പൂർത്തിയാക്കാൻ കഴിഞ്ഞില്ല. നാഷണൽ പോളിസിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനു ബഹുമാനപ്പെട്ട എം.എൽ.എ. മാർക്കെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ഞാൻതന്നെ കത്തുകളയച്ചു. അവരുമായി ഞാൻ ചർച്ചകൾ നടത്തി. ബഹുമാനപ്പെട്ട അച്യുതമേനോനും ചർച്ചയിൽ പങ്കെടുത്തു. വിദ്യാർത്ഥി സംഘടനകളുമായും അദ്ധ്യാപക സംഘടനകളുമായും ഞാൻ ചർച്ചകൾ നടത്തി. നാഷണൽപോളിസിയിൽ 10+2+3 പാറേണിനെക്കുറിച്ചു പറയുന്നുണ്ട്. ഇവിടെ പറഞ്ഞതുപോലെ എക്സ്ക്ലൂസീവായി പ്ലസ് ടു വിനെക്കുറിച്ച് മാത്രം ചർച്ച ചെയ്തിട്ടില്ല. പക്ഷേ ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിലും എം.പി. മേനോൻ കമ്മീഷൻ റിപ്പോർട്ടിലും കേന്ദ്ര ഗവൺമെൻറിന്റെ ദേശീയവിദ്യാഭ്യാസനയത്തിലും പ്ലസ് ടു എന്നു പറയുന്ന കൺസംപ്ഷൻ ഒരു പ്രധാന ഘടകമായിരുന്നു. ഈ ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് അംഗങ്ങൾ ഇതിന്റെ ഗുണദോഷങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കേരളത്തിൽ വ്യാപകമായി ഒന്നര വർഷത്തോളം ചർച്ചകൾ നടത്തുകയും ഈ സഭയിൽത്തന്നെ ഇതു ചർച്ചകൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. താമരാക്ഷൻ തന്നെ ഈ സഭയിൽ ഹയർ എഡ്യുക്കേഷന് പ്രത്യേകമായ ഒരു സംവിധാനം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. സീതിഹാജി: പ്രീഡിഗ്രി ബോർഡ് നടപ്പാക്കുമ്പോൾ ഇപ്പോൾ ഡിഗ്രി കോഴ്സില്ലാതെ പ്രീഡിഗ്രി മാത്രമുള്ള ജൂനിയർ കോളേജുകൾ യൂണിവേഴ്സിറ്റിയുടെ കീഴിൽ വരുമോ ബോർഡിന്റെ കീഴിൽ വരുമോയെന്നു വ്യക്തമാക്കാമോ?

ശ്രീ. ടി.എം ജേക്കബ്: പ്രീഡിഗ്രി ഡീലിങ്ക് ചെയ്ത് ഒരു പ്രത്യേക സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരുമ്പോൾ സ്വാഭാവികമായും ഈ കോഴ്സുകൾ നടത്തുന്ന എല്ലാ സ്ഥാപനങ്ങളും പ്രീഡിഗ്രി ബോർഡിന്റെ കീഴിൽ വരുന്നതായിരിക്കും.

ശ്രീ. കെ. ഇ. ഇസ്മയിൽ: 1966-ൽ കൊണ്ടുവന്ന കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 1968-ൽ പാർലമെൻറിൽ ദേശീയവിദ്യാഭ്യാസ നയം അവതരിപ്പിച്ചത്. കോത്താരി കമ്മീഷനിലും പാർലമെൻറിൽ അവതരിപ്പിച്ച് അംഗീകരിച്ച വിദ്യാഭ്യാസനയത്തിലും പ്രീഡിഗ്രി ബോർഡ് രൂപീകരിക്കണമെന്ന വിഷയം ഉന്നയിച്ചിരുന്നില്ല. പ്ലസ് ടു സംവിധാനം കേരളത്തിൽ എങ്ങനെ നടപ്പിലാക്കണമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ച് അതു പ്രാവർത്തികമാക്കാൻ പ്രായോഗികമായി സ്വീകരിച്ച അന്നത്തെ നടപടികൾ നിലവിലിരിക്കേ വളരെയധികം ധൃതി പിടിച്ച് രണ്ടര ലക്ഷത്തോളം വിദ്യാർത്ഥികളുടെ ഭാവി വെള്ളത്തിലാക്കുന്ന ഈ തീരുമാനം സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിൽ എടുത്തതിന്റെ ഫലമായി ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ തീരുമാനത്തിൽനിന്നു പിൻതിരിയുവാനും ഇതുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ വിദഗ്ദ്ധൻമാർ തുടങ്ങി എല്ലാപേരുമായി ചർച്ച ചെയതു യുക്തമായ ഒരു തീരുമാനമെടുക്കുവാനും ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. ടി.എം. ജേക്കബ്: ഞാൻ ഇവിടെ മറുപടിയിൽ പറഞ്ഞ കാര്യങ്ങൾതന്നെ വീണ്ടും വീണ്ടും ആവർത്തിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം പറഞ്ഞത് കോത്താരി കമ്മീഷൻ റിപ്പോർട്ടിലും ഇപ്പോഴത്തെ നാഷണൽ പോളിസിയിലും പ്രീഡിഗ്രി ബോർഡെന്നു പറഞ്ഞിട്ടില്ലെന്നാണ്. സാങ്കേതികാർത്ഥത്തിൽ പറയുകയാണെങ്കിൽ പ്രീഡിഗ്രിബോർഡ് എന്ന വാക്കു ഉപയോഗിച്ചിട്ടില്ലെന്നുള്ളത് ശരിയാണ്. പക്ഷേ പ്ലസ് ടു എന്നു പറയുന്ന കോഴ്സ് യൂണിവേഴ്സിറ്റിയുടെ ഭാഗമല്ലെന്നും അതു ഹയർഎഡ്യുക്കേഷന്റെ ഭാഗമാണെന്നും അതിന് പ്രത്യേകമായ സംവിധാനമുണ്ടാക്കണമെന്നും കോത്താരി കമ്മീഷൻ റിപ്പോർട്ടിലും നാഷണൽ എഡ്യുക്കേഷൻ പോളിസിയിലും യാതൊരു സംശയത്തിനും ഇടവരാത്ത വിധത്തിൽ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ: പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുന്നതിനെ തുടർന്നുള്ള നടപടികൾ സ്വീകരിക്കുമ്പോൾ സി.ഐ.ടി.യു. അടക്കമുള്ള എല്ലാ വിഭാഗക്കാരുടേയും അഭിപ്രായം ആരായുമെന്നു ഇന്നലെ മുഖ്യമന്ത്രി പറഞ്ഞതുകൊണ്ട് ചോദിക്കുകയാണ്, പ്രീഡിഗ്രി ബോർഡ് രൂപീകരണമടക്കമുള്ള കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്തിലെ വിദ്യാഭ്യാസ വിചക്ഷണൻമാരടക്കമുള്ളവരെ വിളിച്ചുവരുത്തി ഒരു തുറന്ന മനസ്സോടുകൂടി ചർച്ച ചെയ്യുന്നതിനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: പ്രീഡിഗ്രി ബോർഡ് രൂപീകരണത്തെക്കുറിച്ച് ഇനി ചർച്ച നടത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. കാരണം വളരെയധികം ചർച്ചകൾക്കും പരിശോധനകൾക്കും ശേഷമാണ് ഇതു ഇവിടെ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. ദേശീയവിദ്യാഭ്യാസ നയത്തിൻെറ ഭാഗമായാണ് ഈ സംവിധാനം ഇവിടെ നടപ്പിലാക്കുന്നത്. ഈ സംവിധാനത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. സി.ഐ.ടി.യു. വിനെക്കുറിച്ചു പറഞ്ഞതുകൊണ്ട് ശ്രദ്ധേയമായ ഒരു കാര്യം പറയാം. പ്രീഡിഗ്രി ബോർഡ് വേണ്ടായെന്നു പറഞ്ഞു. തിരുവനന്തപുരത്ത് സി.ഐ.ടി.യു. ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

ശ്രീ. രാഘവൻ പൊഴക്കടവിൽ: പ്രീഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കുമെന്നു മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നു. ഇതിനെ സംബന്ധിച്ച് ഒരു ചർച്ച അനുവദിക്കാത്തനിലയ്ക്ക് ഈ വിദ്യാഭ്യാസപരിപാടി എങ്ങനെയാണെന്നു ഒന്നു വിശദീകരിക്കാമോ?

ശ്രീ. ടി.എം. ജേക്കബ്: കേന്ദ്രഗവൺമെൻറ് സംസ്ഥാനഗവൺമെൻറിനു് അയച്ച ഒരു സർക്കുലറിൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള പെൺകുട്ടികളുടെ വിദ്യാഭ്യാസം സൗജന്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം പെൺകുട്ടികളും ആൺകുട്ടികളും തമ്മിൽ വിവേചനമില്ല. പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ കൂടുതലുള്ള ചില കോളേജുകളുമുണ്ട്. ഏകദേശം പകുതിപകുതി എന്നുള്ള നിലയിൽതന്നെയാണ് നമ്മൾ നിൽക്കുന്നത്. സ്വാഭാവികമായും 12-ാം ക്ലാസ്സുവരെയുള്ള പ്രീഡിഗ്രി അടങ്ങുന്ന വിദ്യാഭ്യാസം മറ്റു സ്റ്റേറ്റുകളിൽ സൗജന്യമാക്കുമ്പോൾ അത് കേരളത്തിലും വേണ്ടിവരും. അതുകൊണ്ട് ഗവൺമെൻറ് തത്വത്തിൽ ഈ കാര്യം അംഗീകരിച്ചിട്ടുണ്ട്. പെൺകുട്ടികളുടെ വിദ്യാഭ്യാസം സൗജന്യമാക്കുമ്പോൾ ഉണ്ടാകുന്ന അധികച്ചെലവ് കേന്ദ്രഗവൺമെൻറ് തരും എന്ന് അറിയിച്ചിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ആൺകുട്ടികൾക്കുകൂടി സൗജന്യവിദ്യാഭ്യാസം നൽകാൻ കഴിയും എന്ന കാര്യം ഗവൺമെൻറു തത്വത്തിൽ അംഗീകരിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കാനാണ് ആഗ്രഹിക്കുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: പ്രീഡിഗ്രി ബോർഡിനെതിരായ സമരം രാഷ്ട്രീയപ്രേരിതമാണെന്ന്. പറഞ്ഞ മുഖ്യമന്ത്രി തലവനായുള്ള ഒരു ഗവൺമെൻറിൻെറ ഉപദേശപ്രകാരം തിരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റുണ്ടായിരുന്ന കേരള യൂണിവേഴ്സിറ്റിയുടേയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടേയും സമിതികളെ സസ്പെൻറു ചെയ്യുകയും നോമിനേറ്റ് ചെയ്യപ്പെട്ട ഗാന്ധിജി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൻെറ കാലാവധി ആറു മാസം നീട്ടിക്കൊടുക്കുകയും ചെയ്ത നടപടികൾ രാഷ്ട്രീയപ്രേരിതമല്ലേ? ഒരു ഷോകോസ് നോട്ടീസ് പോലും കൊടുക്കാതെ ഈ ഉന്നതസംസ്കാരിക സമിതികളെ പിരിച്ചുവിട്ടത് ശരിയാണോ? വൈസ്

LIBRARY ARCHIVES Kerala Legislative Assembly

ചാൻസലർ തെരഞ്ഞെടുക്കപ്പെട്ട സമിതികളെ പിരിച്ചുവിട്ടത് യാതൊരു വിധ നടപടിക്രമങ്ങളും പാലിക്കാതെയാണ്. ഇത് രാഷ്ട്രീയപ്രേരിതമല്ലേ?

ശ്രീ. ടി.എം. ജേക്കബ്: നമ്മുടെ യൂണിവേഴ്സിറ്റി നിയമത്തിൽ ചാൻസലർക്ക് ചില അധികാരങ്ങൾ കൊടുത്തിട്ടുണ്ട്. ആ നിയമം ഇവിടെ ഈ നിയമസഭ ചർച്ച ചെയ്ത് നിയമമായി അംഗീകരിച്ചതാണ്. ബഹുമാനപ്പെട്ട രാധാകൃഷ്ണന്റെ പാർട്ടിയടക്കമുള്ള ആളുകൾ പാസാക്കിയ കാലിക്കറ്റ് യൂണിവേഴ്സിറ്റി നിയമത്തിലും ഒരു വ്യവസ്ഥയുണ്ട്. ചാൻസലറുടെ പവേഴ്സ് പറയുന്ന സെക്ഷൻ 7 (4)—ൽ പറയുന്നത് ഇങ്ങനെയാണ്. 'The Chancellor shall have the right to suspend or dismiss any authority of the University, at an emergency' എന്നാണ് പറയുന്നത്. ചാൻസലർക്ക് ഒരു എമർജൻസിയുണ്ടായി എന്ന് ബോദ്ധ്യമായാൽ സമിതി സസ്പെൻഡ് ചെയ്യാനും ഡിസ്മിസ് ചെയ്യാനുള്ള അധികാരവും അവകാശവും നമ്മുടെ നിയമത്തിന്റെ ഭാഗമായിത്തന്നെ കൊടുത്തിട്ടുണ്ട്. നമ്മുടെ യൂണിവേഴ്സിറ്റികളിൽനിന്നും കൃത്യസമയത്ത് പരീക്ഷാഫലം പ്രസിദ്ധപ്പെടുത്താൻ പറ്റാത്ത ഒരു സാഹചര്യത്തിൽ, എമർജൻസി ഉണ്ട് എന്ന് ഗവൺമെന്റിന് അഭിപ്രായമുണ്ടാകുന്നതിന്റെ അടിസ്ഥാനത്തിൽ നിയമത്തിൽ പറയുന്ന വ്യവസ്ഥകളനുസരിച്ച് മൂന്നുമാസക്കാലത്തേയ്ക്ക് സസ്പെൻറു ചെയ്യാനുള്ള നടപടികൾ മാത്രമാണ് ചാൻസലർ സ്വീകരിച്ചത്.

ശ്രീ. എ.കെ. പത്മനാഭൻ: പ്രീഡിഗ്രി കോഴ്സ് ഇപ്പോൾ കോളേജിൽ നിന്നുംമാറ്റാൻ ഉദ്ദേശമില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. പുതിയതായി ജൂനിയർ കോളേജുകൾ ആരംഭിക്കാൻ പോകുന്നുവെന്ന് മുഖ്യമന്ത്രിയുടെ പ്രസ്താവനയും വന്നിട്ടുണ്ട്. ഈ ജൂനിയർ കോളേജുകൾ പ്രീഡിഗ്രി കോഴ്സ് നടത്താൻവേണ്ടി മാത്രമാണോ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ടി.എം. ജേക്കബ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പത്രസമ്മേളനത്തിൽ അദ്ദേഹത്തിന്റെ അടുത്തിരുന്ന ഒരാളാണ് ഞാൻ. ആ പത്രസമ്മേളനം റിപ്പോർട്ട് ചെയ്തു വന്നതിനകത്ത് ഒരു പത്രത്തിൽ മാത്രമാണ് കേരളത്തിൽ ജൂനിയർ കോളേജുകൾ തുടങ്ങുന്നുവെന്നുള്ള തലക്കെട്ടോടുകൂടി വാർത്ത വന്നത്. അദ്ദേഹം പറഞ്ഞത് എന്റെ ഓർമ്മയിൽനിന്നും പറയുകയാണെങ്കിൽ മറ്റു പല സ്റ്റേറ്റുകളിലും ഈ പ്ലസ് 2 കോഴ്സിനുവേണ്ടി പ്രത്യേകമായ സംവിധാനം ആരംഭിക്കുമ്പോൾ അതിനെ ജൂനിയർ കോളേജെന്ന് വിളിക്കാറുണ്ട്. വേണമെങ്കിൽ അങ്ങനെയും ആകാം. അല്ലാതെ ഇതിനുവേണ്ടിയിട്ട് ജൂനിയർ കോളേജുകൾ ഈ സാമ്പത്തികവർഷം തുടങ്ങാൻപോകുന്നുവെന്ന് പറഞ്ഞിട്ടില്ല.

ശ്രീ. എം.വി. രാഘവൻ: ഞാൻ ഒരു വിദ്യാഭ്യാസ വിദഗ്ദ്ധൻ അല്ലാത്തതുകൊണ്ട് വിദ്യാഭ്യാസ വിദഗ്ദ്ധനായിട്ടുള്ള ശ്രീ. സുകുമാർ അഴീക്കോട് ഈയിടെ പത്രക്കാരോട് പറഞ്ഞ ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ''വിവരം ഉള്ള ആളുകൾ ഈ പ്രീഡിഗ്രി വിദ്യാഭ്യാസത്തെപ്പറ്റി എഴുതിവച്ച നിർദ്ദേശങ്ങൾ വിവരമില്ലാത്ത ഒരു കൂട്ടം ആളുകൾ നടപ്പിൽ വരുത്തിയതിന്റെ കുഴപ്പമാണ് ഇത്.'' അതുകൊണ്ട് വിവരമുള്ളവരെയെല്ലാം വിളിച്ചുകൂട്ടി ചർച്ച നടത്തി അതിനുശേഷം ഇത് നടപ്പിൽവരുത്തുകയാണെങ്കിൽ വിദ്യാഭ്യാസ രംഗത്ത് ഇന്നുള്ള പ്രതിസന്ധി അവസാനിപ്പിക്കാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. അതിന് ഈ ഗവൺമെൻറു തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ്: വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് വിവരവും വിവേകവുമുള്ള ആളുകൾ പഠിച്ച് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഈ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ബഹുമാന്യനായ ശ്രീ. സുകുമാർ അഴീക്കോട് എഴുതിയ ലേഖനം ഞാനും വായിക്കുകയുണ്ടായി. കേരള യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്ററിൽ ആദിശേഷയ്യാ കമ്മീഷനെക്കുറിച്ച് ഒരു സിമ്പോസിയം നടത്തിയിരുന്നു. ആ സിമ്പോസിയം ഉദ്ഘാടനം ചെയ്തത് ഞാനാണ്. ആ സിമ്പോസിയത്തിൽ പങ്കെടുത്ത ഒരു വ്യക്തി സുകുമാർ അഴീക്കോടായിരുന്നു. അന്ന് അദ്ദേഹം അവിടെ പറഞ്ഞത് ''സാധാരണഗതിയിൽ ഗവൺമെന്റുകൾ കമ്മീഷനെ നിയമിക്കും, ആ കമ്മീഷനുകളുടെ റിപ്പോർട്ട് വാങ്ങും, പക്ഷേ അത് കെട്ടി എവിടെയെങ്കിലും അലമാരിയിൽ വച്ച് പൂട്ടും. അത് പൊടി പിടിച്ച് അവിടെയിരിക്കും. ആ ഗതികേട് ഇതിനുണ്ടാക്കാതെ ഏറ്റവും നല്ല ഒരു റിപ്പോർട്ടായി ഇത് നടപ്പിലാക്കണമെന്ന് മന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്'' എന്നാണ്. ഉദ്ഘാടനപ്രസംഗത്തിൽ ഒന്നും പറയാതിരുന്ന ഞാൻ അതിനുശേഷം എഴുന്നേറ്റിട്ട് പറഞ്ഞു, എന്തായാലും ആ ഗതികേട് ഇതിന് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാമെന്ന്. അതിനെത്തുടർന്ന് പിറ്റേദിവസത്തെ പത്രത്തിൽ ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്നു പറഞ്ഞു വാർത്തയും വന്നു. ബഹുമാനപ്പെട്ട എം.വി. രാഘവൻ സുകുമാർ അഴീക്കോടിന്റെ പ്രസ്താവനയെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം അന്നു പറഞ്ഞ കാര്യങ്ങൾകൂടി ഓർക്കേണ്ടതായിരുന്നു എന്ന സൂചിപ്പിക്കാൻവേണ്ടിയാണ് ഇത്രയും പറഞ്ഞത്.

ശ്രീ. കെ. മൂസ്സക്കുട്ടി: ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടും അതുപോലെതന്നെ മറ്റു കമ്മീഷൻ റിപ്പോർട്ടുകളും എല്ലാംതന്നെ പറഞ്ഞിട്ടുള്ള നല്ല കാര്യങ്ങൾ, സുകുമാർ അഴീക്കോടിന്റെ ലേഖനത്തിലെ നല്ല വശങ്ങൾ എല്ലാം മന്ത്രി വിസ്മരിക്കുകയാണ്. ഈ പ്ലസ് 2 സമ്പ്രദായം മൂലം ഇവിടെ രണ്ടുതരം പൗരൻമാർ സൃഷ്ടിക്കപ്പെടും. ഇങ്ങനെയുള്ള നല്ലവശങ്ങൾ കണ്ണടച്ച് ഉപേക്ഷിക്കുന്ന സമീപനം എന്താണ്?

ശ്രീ. ടി.എം. ജേക്കബ്: രണ്ടുതരം പൗരൻമാരെ സൃഷ്ടിക്കപ്പെടുമെങ്കിൽ ഏറ്റവും ഭംഗിയായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് അങ്ങയുടെ കക്ഷി ഭരിക്കുന്ന ബംഗാളിലാണ്. ഏറ്റവും കൂടുതലായി അവിടെയാണ് നടപ്പിലാക്കിയിരിക്കുന്നത്. ഇത് രണ്ടുതരം പൗരൻമാരെ സൃഷ്ടിക്കാനുള്ള ഒരു കൺസപ്റ്റല്ല. കുട്ടികളുടേയും സമൂഹത്തിന്റെയും നൻമയ്ക്ക് വേണ്ടിയിട്ട് കോത്താരിയും ആദിശേഷയ്യയും അതുപോലെയുള്ള പ്രമുഖരായ മറ്റു വിദ്യാഭ്യാസ വിദഗ്ദ്ധരും നടപ്പിലാക്കണമെന്നു പറഞ്ഞ ഒരു കാര്യം നാട്ടിലെ മുഴുവൻ സ്റ്റേറ്റുകളിലും നടപ്പിലാക്കിയതിനുശേഷം ഈ കേരളത്തിൽ നടപ്പിലാക്കാനുള്ള ധാർമ്മികമായ ഉത്തരവാദിത്വം ഈ ഗവൺമെന്റിനുണ്ട്. അതുകൊണ്ട് തന്നെയാണ് ഈ കാര്യത്തിൽ ഗവൺമെന്റു തീരുമാനം എടുക്കുന്നത്.

ശ്രീ. വി.സി. കബീർ: പ്രീഡിഗ്രി ബോർഡിന്റെ രൂപീകരണത്തെത്തുടർന്ന് സമരം ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ അനേകായിരം വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിൽ ആയിട്ടുണ്ട്. മറ്റു യൂണിവേഴ്സിറ്റികളിൽ രജിസ്റ്റർചെയ്തു പണം അടയ്ക്കേണ്ട വിദ്യാർ

LIBRARY ARCHIVES Kerala Legislative Assembly

ത്ഥികൾക്ക് അതിനുള്ള അവസരം നിഷേധിച്ചിരിക്കുന്ന സാഹചര്യത്തിൽ അടിയന്തിരമായി അവരുടെ മാർക്ക്‌ലിസ്റ്റെങ്കിലും എത്തിച്ചുകൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പരീക്ഷാഫലം പുറത്തുവന്നുകഴിഞ്ഞു. കേരള യൂണിവേഴ്സിറ്റിയിലും കാലിക്കട്ട് യൂണിവേഴ്സിറ്റിയിലും പെട്ട കുട്ടികൾ മാർക്ക് ലിസ്റ്റിന് ആവശ്യപ്പെട്ടുകൊണ്ട് അറിയിക്കുകയാണെങ്കിൽ അത് ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

ശ്രീ. എസ്.ആർ. തങ്കരാജ്: പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുന്നതിനോട് അനുബന്ധിച്ച് രണ്ട് റീജിയണൽ ആഫീസുകൾ എറണാകുളത്തും കോഴിക്കോടും തുടങ്ങുമെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ റീജിയണൽ ഓഫീസുകൾ തുടങ്ങാൻ ഉദ്ദേശമുണ്ടോ?

ശ്രീ. ടി.എം. ജേക്കബ്: റീജിയണൽ ഓഫീസുകൾ തുടങ്ങുന്ന കാര്യം ഇപ്പോൾ ഒന്നും പറയാൻ കഴിയുകയില്ല. വൈസ്ചാൻസലർമാരുടെ ശുപാർശയിൽ അക്കാര്യം പറയുകയാണെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: ഈ പുതിയ പരിഷ്കാരംമൂലം ഇവിടെ സുഗമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മൂന്നു യൂണിവേഴ്സിറ്റികളുടേയും പ്രവർത്തനം 90 ശതമാനവും സ്തംഭിച്ചുപോകുന്ന ഒരു സ്ഥിതിവിശേഷത്തിലേക്കാണ് നീങ്ങിയിരിക്കുന്നത്. ഉദാഹരണത്തിന് ഈ പ്ലസ് ടു സമ്പ്രദായം യൂണിവേഴ്സിറ്റികളിൽതന്നെയാണോയെന്ന് തീരുമാനിച്ചിട്ടില്ല. യൂണിവേഴ്സിറ്റികൾ ഇന്ന് പരീക്ഷ നടത്തുന്നുണ്ട്. ആ പരീക്ഷാ നടത്തിപ്പിൽ വല്ല കുഴപ്പവുമുണ്ടെന്ന് ആരും പറഞ്ഞിട്ടില്ല. അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ സ്റ്റാൻഡേർഡ് വർദ്ധിപ്പിക്കുകയാണ് വേണ്ടതെന്ന് മുണ്ടശ്ശേരിയുടെ പഴയ റിപ്പോർട്ടിലും പറഞ്ഞിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട സെനറ്റിന്റേയും സിൻഡിക്കേറ്റിന്റേയും അധികാരം എടുത്തുകളഞ്ഞാണോ പരിഷ്കാരം വരുത്തുന്നത്? അത് വീണ്ടും പുനഃസ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ?

ശ്രീ. ടി.എം. ജേക്കബ്: ഹയർ സെക്കൻഡറി ബോർഡ് രൂപീകരിക്കുന്നതുകൊണ്ട് സെനറ്റിന്റേയും സിൻഡിക്കേറ്റിന്റേയും അധികാരം പോകുന്നില്ല. നമ്മുടെ യൂണിവേഴ്സിറ്റികൾകൊണ്ടു ഉദ്ദേശിക്കുന്നതുതന്നെ ഡിഗ്രി തലത്തിലും ,പി.ജി. തലത്തിലും റിസർച്ച് തലത്തിലും കൂടുതൽ ഫലപ്രദമായ രീതിയിൽ പഠന സൗകര്യം ക്രമീകരിക്കുന്നതിനുവേണ്ടിയാണ്. എന്നാൽ ആ യൂണിവേഴ്സിറ്റികൾക്ക് പല കാരണങ്ങൾകൊണ്ടും യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പൂർണ്ണമായും ഇൻവോൾവ് ചെയ്തു ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയിട്ടാണ് ഈ പ്രീഡിഗ്രി ബോർഡ് രൂപീകരിക്കാൻ ഗവൺമെന്റു തീരുമാനിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly